Vol. 22 No. 4.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

വരിസംഖ്യ മുൻകൂർ ) April, 1924. (1 ബ്രി. രൂപാ മാത്രം.

# വിഷയവിവരണിക.


വേജ്.

1. പഞ്ചാംഗം. 73
2. പീഡാനുഭവകീർത്തനം. ദിവ്യശ്രീ ചാലങ്ങാടി തോമ്മാ ക. 74
3. പ്രസാധകക്കുറിപ്പുകൾ. 75
4. നമ്മുടെ കർത്താവിന്റെ പീഡാനുഭവം. 77
വെറി റവ. ഫാദർ അലോഷ്യസ് സി. ഡി
5. ദിവ്യകാരുണ്യനഗരം. കടവിൽ മാത്തൻ ശ. റോമ്മാ. 79
6. വേദപുസ്തകപാരായണം. 80
വെറി റവ. ഫാദർ അലക്സാണ്ടർ സി. ഡി.
7. വിശ്വാസപ്രമാണം. (പദ്യം) 81
ഒരു പഴയ കയ്യെഴുത്തുപുസ്തകത്തിൽനിന്നു.
8. സ്വർഗ്ഗീയവൈദ്യനായ മാർ യൌസേപ്പ്. 83
ശ്രീമാൻ കെ. ഇ. ചാക്കോ ബി. ഏ.
9. വിശുദ്ധമായ ചില പുരാതനപ്രതിമകൾ. 84
റവ. ഫാദർ ബെർണ്ണാർഡ് സി ഡി.
10. ക്രൂശാരോഹണരൂപം. "സത്യനാദം" 85
11. തിരുസഭയുടെ പൊതുസൂനഹദോസുകൾ. 86
റവ. ഫാദർ ഗ്രിഗോരി സി. ഡി.
12. അപ്പന്റെ ആത്മാവു്. ശ്രീമാൻ പി. ഉലഹന്നാൻമാപ്പിള. 87
13. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്. സ്വന്തം കൊച്ചച്ചൻ. 89
14. തിരുഹൃദയ പൊതുനിയോഗം. 90
15. പുതിയ പ്രസിദ്ധീകരണങ്ങൾ. വർത്തമാനസംഗ്രഹം. &c. 92-93


## ☞ ഒരു സംഭാഷണം.

വികാരിയച്ചൻ:— ചാണ്ടികുഞ്ഞേ; നീ കുസുമം വരുത്തിയോ?

ചാണ്ടി:— വരുന്നമാസം മുതൽ തീർച്ചയായി വരുത്തിക്കൊള്ളാം. അച്ചാ!

വികാരിയച്ചൻ:— ഒരു കത്തോലിക്കാ പത്രമോ മാസികയോ ഇല്ലാത്ത ഒരു കുടുംബം ഈ ഇടവകയിൽ ഉണ്ടാകരുതെന്നാണു എന്റെ താൽപ്പര്യം. പാടുള്ളവരൊക്കെ ദീപികയും കുസുമവും വരുത്തി വായിക്കണം— ഒരു രൂപാ കൊടുത്തു ഒരു കുസുമം വാങ്ങിക്കാൻ പാടില്ലാത്തവരു ആരാണിവിടെയുള്ളതു്. കുര്യാക്കോ! നീ ദീപികയുടെ വരിപ്പണം അയച്ചുകൊടുത്തോ?

കുര്യാക്കോ:— മണിയോഡറായി കുറേ അയച്ചുകൊടുത്തു. ശേഷമുള്ളതും ഇനി അധികം താമസിപ്പിക്കയില്ല. എല്ലാം നടക്കണ്ടേ എന്റെ അച്ചാ?

വികാരിയച്ചൻ:— അതുതന്നേയാണു ഞാനും പറയുന്നതു്. സമുദായത്തിന്റെ കാര്യങ്ങൾ എല്ലാം നടക്കേണ്ടേ. ഒരു പത്രം ശരിയായി നടത്താനിക്കാലത്തു എന്തുമാത്രം പണം വേണമെന്നു നിനക്കറിയാമോ? അതു വരിക്കാരിൽനിന്നുള്ള വരിപ്പണംകൊണ്ടുണ്ടാകണം. രണ്ടും മൂന്നും തവണ വീ. പി. മടങ്ങിയ ചില പ്രമാണികളൊക്കെ ഇവിടെയുണ്ടെന്നു മാനേജർ എന്റെ പക്കൽ എഴുതിയിരിക്കുന്നു. നിങ്ങളൊക്കെ ഇങ്ങനെ തുടങ്ങിയാൽ എങ്ങിനെയാണു് കാര്യം നടക്കുന്നതു! കുറെയൊക്കെ മാനവും മര്യാദയും വേണ്ടേ—

കുര്യാക്കോ:— എപ്പഴും കയ്യിൽ പണമുണ്ടായെന്നു വരുമോ അച്ചാ!

വികാരി:— അങ്ങിനെ വരുമ്പോൾ ഒരു കാർഡ് എഴുതി അയക്കരുതോ? പത്രം വാങ്ങിവായിച്ചിട്ടു വി. പി. അയക്കുമ്പോൾ ചുമ്മാ മടങ്ങിക്കളക— എഴുതയച്ചാൽ മറുപടിയില്ല. ഇതൊക്കെ ആർക്കുചേരുന്ന മര്യാദയാണു. ക്രിസ്ത്യാനികളല്ലേ. ഉത്തരിപ്പുകടമില്ലേ?.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൬ ൦ | ൧൯൨൪ | എപ്പകത്തി ൨൪.

## ൧൯൨൪ ഏപ്രിൽ — ൧൦൯൯ മീനം — മേടം.

| | | | | |
|---|---|---|---|---|
| 1 | 19 | ചൊ | † അ. വേ. പത്രോ. തോമാ ന. ആ. കു. വെ. (ഫെ. ൧൯.) | ചു. |
| 2 | 20 | ബു | മൗ. പ്രംസീസ്സ പൗലാ. ന. ആ. കു. വെ. | വെ. |
| 3 | 21 | വ്യാ | പാ. വേ. ഹുഗീൻ. ന. ആ. കു. വെ. (ജനു. ൧൭.) | ചു. |
| 4 | 22 | വെ | † ന. ക. തിരുരക്തം ന. ആ. കു. വെ. ✻ ൭൯ ഒരുനേ. | ചു. |
| 5 | ● 23 | ശ | മൗ. വിനസന്തി ന. ആ. കു. വെ. | വെ. |
| | | | N. B. ഇന്നു റംശാക്കു മുമ്പു ധൂമ്രവസ്ത്രംകൊണ്ടു രൂപങ്ങൾ മൂടുന്നു. | |
| 6 | 24 | ഞാ | ✠ നോമ്പു ൫–ാം ഞാ. [illegible] ന. കു. ആ. [illegible] | റോ. |
| 7 | 25 | തി | † അ. മൗ. മ. ഇസിദോർ ന. ആ. കു. വെ. (ഈ. മാ. ൪) | വെ. |
| 8 | 26 | ചൊ | † പാത്രി. മൗ. അൽബെത്ത. ന. ആ. കു. വെ. | വെ. |
| 9 | 27 | ബു | ന. ആ. കു. അടുത്ത വെള്ളിയിലെ | റോ. |
| | | | വി. ഗീവറുഗീസു തിരു. അങ്കമാലി. | |
| 10 | 28 | വ്യാ | ന. ആ. കു. അടുത്ത ശനിയിലെ. | റോ. |
| 11 | 29 | വെ | † ക. മാ. ഏഴു വ്യാകുലം ന. ആ. കു. വെ. ✻ ൬൯ | വെ. |
| 12 | 30 | ശ | പാ. മൗ. ലെയോൻ ന. ആ. | വെ. |
| 13 | 1 | ഞാ | ✠ [illegible] നോമ്പ് ൬–ാം ഞാ. ന. കു. ആ. [illegible] | റോ. |
| 14 | 2 | തി | വലിയ ആഴ്ച ന. കു. ആ. | റോ. |
| 15 | 3 | ചൊ | വലിയ ആഴ്ച ന. കു. ആ. | റോ. |
| 16 | 4 | ബു | വലിയ ആഴ്ച ന. കു. ആ. | റോ. |
| 17 | 5 | വ്യാ | (✠) തിരുവ്യാഴം ന. കു. ആ. | വെ. |
| | | | N. B. പാട്ടുകുർബാനയില്ലാതെ വി. കുർബാന കൊടുത്തുവരാറില്ല. കുർബാനയിൽ [illegible] ക്ക് മണിയും വാദ്യവും കൊട്ടുന്നു. പിന്നീടു ദുഃഖശനിവരെ കൊട്ടുന്നില്ല. പാദക്ഷാളന തിരുക്കർമ്മത്തിൽ കാമികൻ ധൂമ്രവർണ്ണവും ശുശ്രൂഷികൾ വെള്ളനിറവും ധരിക്കണം. | |
| 18 | 6 | വെ | (✠) ദുഃഖവെള്ളി ന. ആ. ഒരുനേരം. | ക. |
| 19 | ◐ 7 | ശ | ദുഃഖശനി ന. കു. ആ. ഒരുനേരം. | |
| | | | ☞ ഇന്നുമുതൽ പന്ത. ൧–ാം ഞായർവരെ ത്രികാലജപമായിട്ടു 'പരലോകരാജ്ഞി' എന്ന ജപം നിന്നുകൊണ്ടു ചൊല്ലുന്നു. | |
| 20 | 8 | ഞാ | ✠ ന. ക. ഉയിർപ്പു ന. കു. ആ. [illegible] | വെ. |
| | | | ന. ക. തിരുഹൃ. സ. അമ. മാ. സ. പൃ. ദ. വി. [illegible] | |
| 21 | 9 | തി | (✠) ന. ക. ഉ. എം. ന. കു. ആ. ൨ | വെ. |
| 22 | 10 | ചൊ | (✠) ന. ക. ഉ. എം. ന. കു. ആ. ൩ | വെ. |
| 23 | 11 | ബു | (✠) ന. ക. ഉ. എം. ന. കു. ആ. ൪ | വെ. |
| 24 | 12 | വ്യാ | ന. ക. ഉ. എം. ന. കു. ആ. ൫ | വെ. |
| | | | വി. ഗീവറുഗീസ് തിരു. അഴീക്കുറ, കോതമംഗലം, നാഗപ്പുഴ. | |
| 25 | 13 | വെ | ന. ക. ഉ. എം. ന. കു. ആ. ൬ | വെ. |
| 26 | 14 | ശ | ന. ക. ഉ. എം. ന. കു. ആ. ൦ | വെ. |
| 27 | 15 | ഞാ | ✠ ന. ക. ഉ. ൧–ാം പുതുഞാ. ന. കു. ആ. [illegible] | വെ. |
| | | | വി. തോമ്മാശ്ലീ. തിരുനാൾ മലയാറ്റൂർ, പാവറട്ടി കൊരട്ടി. | |
| 28 | 16 | തി | വേ. വിത്താലി. ന. ആ. കു. വെ. | ചു. |
| 29 | 17 | ചൊ | വേ. പത്രോസ് ന. ആ. കു. വെ. | ചു. |
| | | | വി. ഗീവറുഗീസ് തിരു. നരിവേലി. | |
| 30 | 18 | ബു | † ക. കത്രീനാ ന. ആ. കു. വെ. | വെ. |



ഡോമ്നിക്ക് സാവ്യോ

കർമ്മെല കുസുമം.

പുസ്തകം ൨൨.} ൧൯൨൪ ഏപ്രിൽ. {ലക്കം ൪.

# പീഡാനുഭവ കീർത്തനം.

(രാഗം ഹിന്ദുസ്ഥാനി — ഏകമജഡി)

മന്നവ! തുണചെയ്ക — മഹോന്നതാ! — മന്നവതുണചെയ്ക

1 ഉന്നതനാം ദൈവം, വന്നുപിറന്നീലോകെ—
ഇന്നീപാപികൾ രക്ഷയ്ക്കായ്, ഉന്നതൻ നീയേ— മന്നവ...

2 ദുഷ്ടരാം ഞങ്ങൾക്കായി, കഷ്ടതയേററുവല്ലോ
സാഷ്ടാംഗം ചെയ്തീടുന്നേൻ, സ്രഷ്ടാവേ നിന്നെ— മന്നവാ...

3 ശാന്തശീലനാം മിശോ, നിന്തിരുദയയാലേ
ചിന്തിയതിരുരക്തത്തെ, ചിന്തിച്ചെപ്പോഴും— മന്നവ...

ചാലങ്ങാടി തോമ്മാകത്തനാർ.

## പ്രസാധകക്കുറിപ്പുകൾ.

### രക്ഷയുടെ തിരുസ്ഥലങ്ങൾ.

വലിയ ആഴ്ച സമീപിച്ചിരിക്കുന്നു. മാനുഷ രക്ഷയുടെ മഹാരഹസ്യങ്ങൾ നിറവേറിയ ഗെദസേമ്മാൻ, ഓർശ്ലേം, ഗാഗുൽത്താ മുതലായ ആ പരിശുദ്ധ സ്ഥലങ്ങളാണ് സത്യക്രിസ്ത്യാനിയുടെ ബോധത്തിൽ ഈ ദിവസങ്ങളിൽ ഇടവിടാതെ ഉദിക്കുന്നതു്. വിദേശങ്ങളിൽനിന്നു പല തീർത്ഥയാത്രാസംഘങ്ങളും ഇക്കാലത്തു പലസ്തീനായിൽ എത്തി തങ്ങളുടെ സാഹതാപകണ്ണുനീരുകളാൽ ആ വിശുദ്ധ സ്ഥലങ്ങളെ നനച്ചുപോകുന്നുണ്ടു്. ഇംഗ്ലണ്ടിൽനിന്നു അവിടത്തെ കർദ്ദിനാൾ തിരുമനസ്സുകൊണ്ടും മൂന്നു മെത്രാന്മാരും അനവധി ജനങ്ങളും കൂടി തിരുസ്ഥലങ്ങളിൽച്ചെന്നു് സന്ദർശനം കഴിച്ചുപോയിട്ടു കുറേ ദിവസങ്ങളെ ആയിട്ടുള്ളു. അതു കഴിഞ്ഞു അമ്മേരിക്കയിൽനിന്നും ഒക്കോണൽ കർദ്ദിനാൾ തിരുമനസ്സുകൊണ്ടു ഒട്ടേറെ ജനങ്ങളോടുകൂടി അവിടേയ്ക്കു തിരിച്ചിട്ടുണ്ടു്. കേരളീയ കത്തോലിക്കരുടെ ഏതാദൃശമായ ഒരു തീർത്ഥയാത്രാസംഘം അവിടേയ്ക്കു പുറപ്പെടുന്നതിനുള്ള ഭാഗ്യം നമുക്കുണ്ടാകുന്നതുവരെ അരൂപിയിൽ പ്രസ്തുത വിദേശീയ സംഘങ്ങളോടു ചേർന്നുകൊണ്ടു പരിപാവനമായ ആ സ്ഥലങ്ങളെ ഓർത്തു ഭക്തിപൂർവ്വം നമുക്കു ധ്യാനിക്കാം.

### കത്തോലിക്കരുടെ അവകാശം.

തിരുവിതാംകൂറിലുള്ള 40 ലക്ഷം ജനങ്ങളിൽ 6 ലക്ഷത്തോളം വരുന്ന കത്തോലിക്കാ ക്രിസ്ത്യാനികൾ അനുഭവിച്ചുവരുന്ന നാനാവിധങ്ങളായ അസമത്വങ്ങളെപ്പററി കഴിഞ്ഞ പ്രജാസഭയിലെ കത്തോലിക്കാ മെമ്പറന്മാർ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിച്ചിട്ടുള്ള ഒരു മെമ്മോറിയൽ ഏതൊരു കത്തോലിക്കന്റെയും ഹൃദയത്തെ തകർത്തുകളയത്തക്ക ഒന്നാണെന്നുള്ളതു അന്യ മതസ്ഥന്മാരും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. അതിന്റെ ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു:—


"ഈ സമുദായത്തിനു പബ്ലിക്ക സർവീസിലുള്ള നില ഏററവും പരിതാപകരമായിരിക്കുന്നു. ആകെ ൧൯ ജഡ്ജിമാരുള്ളതിൽ ഒരു കത്തോലിക്കൻപോലുമില്ല. പേഷ്കാരന്മാരും, ഡിവിഷൻ അസിസ്റ്റൻറുമാരും, തഹശീൽദാരന്മാരുമായി ആകെ ൨൭ പേരുള്ളതിൽ ഒററ കത്തോലിക്കനെങ്കിലുമില്ല. ഗവർമ്മെണ്ടുകോളേജ്കളിൽ പ്രോഫസ്സറന്മാരും, ട്യൂട്ടറന്മാരുമായി നൂറ് പേരുള്ളതിൽ ഒരാൾപോലും കത്തോലിക്കനില്ലാ. വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽ ൨൦ ം കൃഷിവകുപ്പിൽ ൧൩ ം സാനിട്ടറിവകുപ്പിൽ ൧൨-ം അഞ്ചൽവകുപ്പിൽ ൧൦-ം ഇൻസ്പെക്ടറന്മാരുണ്ടെങ്കിലും അവരിൽ കത്തോലിക്കരായി ആരുമില്ല. സർക്കാർ വക്കീലന്മാർ ൧൩ ഉള്ളതിൽ ഒരാളെങ്കിലും കത്തോലിക്കനില്ലാ. വനം ഡിപ്പാർട്ടുമെണ്ടിൽ ഉയർന്ന ഉദ്യോഗങ്ങളിൽ കത്തോലിക്കനായി ഒരാളെങ്കിലുമില്ല. ൯ പോലീസ്സുസൂപ്രണ്ടന്മാരും ൩ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടന്മാരുമുള്ളതിൽ കത്തോലിക്കരായി ആരുമില്ല."

### കുററം നമ്മുടേതുതന്നെ.

മേൽക്കാണിച്ചിട്ടുള്ളപോലെ ഭയങ്കരമായ ഒരന്യായം വലിയൊരു ജനസമുദായത്തോടു തിരുവിതാംകൂർ ഗവർമ്മെണ്ടിൽനിന്നു ഇത്ര ദീർഘകാലമായി പ്രവർത്തിച്ചുപോന്നിട്ടുള്ളതിന്റെ രഹസ്യം എന്താണെന്നാലോചിച്ചു നോക്കുമ്പോൾ കുററക്കാർ നാം തന്നെയാണെന്നു തെളിയുന്നതാണ്. 'പിള്ള കരയാതെ തള്ള മുല കൊടുക്കുന്നതല്ലെന്നുള്ള' ആപ്തവാക്യം നാം കേവലം വിസ്മരിച്ചുകളകയാണ് ചെയ്തിട്ടുള്ളതു്. നാം ഇതേവരെ വേണ്ടപോലെ നിലവിളിച്ചിട്ടില്ല. സാമുദായിക കാര്യങ്ങളിൽ ഏകോപിച്ചു പ്രവർത്തിച്ചു ഉദ്ദിഷ്ടഫലം പ്രാപിക്കുന്നതിനുള്ള അഭ്യാസം കേരളീയ കത്തോലിക്കർക്കു ഇനിയും ഉണ്ടായിട്ടില്ലെന്നു സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള സാമുദായികസമരങ്ങളിൽ മുന്നിട്ടുനിന്നുപ്രവർത്തിക്കുന്നതിനു പര്യാപ്തമായി നമുക്കുള്ള സ്ഥാപനമാണല്ലോ നമ്മുടെ കേരളീയ കത്തോലിക്കാ കോൺഗ്രസ്സ്. അതിന്റെ സംഘടനാശക്തിയും പ്രവർത്തനാപദ്ധതിയും എത്രമാത്രമുണ്ടെന്നു അധികാരസ്ഥാനങ്ങളിലും മനസ്സിലാകാത്ത രഹസ്യമില്ല. ഏകോപിച്ചു പരിശ്രമിക്കുന്നതിനുള്ള അവസരം കണ്ടെത്തുന്നതിനെക്കാൾ എളുപ്പത്തിൽ ഭിന്നിച്ചു ചിതറിപ്പോകുന്നതിനുള്ള ഹേതുക്കൾ തേടിപ്പിടിക്കുന്നതിനു നമുക്കുള്ള സാമർത്ഥ്യം ഗ്രഹിച്ചിട്ടുള്ള അന്യ സമുദായങ്ങൾ നമ്മെ അധഃപതിപ്പിച്ചു മുന്നോട്ടു കടക്കുന്നതിൽ നാം ആശ്ചര്യപ്പെടേണ്ടതില്ല. ഈവിധ ന്യൂനതകളെ പരിഹരിച്ചു ഏകകണ്ഠമായി നിലവിളിക്കുന്നതിനു നാം പഠിച്ചുവരാത്ത കാലത്തോളം നാം അനുഭവിച്ചു വരുന്ന ഭയാനകമായ അസമത്വം നീങ്ങിക്കിട്ടുക അസാദ്ധ്യമാണ്. സുറിയാനിഹയരാർക്കിയും സ്ഥാപിച്ചിരിക്കുന്നു; കേരളീയ കത്തോലിക്കർ പൂർവ്വാധികം ഏകീഭവിച്ചിരിക്കുന്നു. ആകയാൽ ആരബ്ധമായിരിക്കുന്ന കത്തോലിക്കാ കോൺഗ്രസ്സിൽവച്ചു ഏകോൽഭൂതമായിരിക്കുന്ന നമ്മുടെ നവീനശക്തി ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തുന്നതിനു അധികൃതന്മാർ ഉദ്യമിക്കാതിരിക്കയില്ലെന്നു പ്രതീക്ഷിക്കുന്നു.

# നമ്മുടെ കൎത്താവിന്റെ പീഡാനുഭവം.

1. ദിവ്യരക്ഷകന്റെ പീഡാനുഭവത്തെ സൎവ്വദാ നാം സ്മരിക്കേണ്ടതാണെങ്കിലും അമ്പതുനോമ്പിന്റെ കാലത്തിലും പ്രത്യേകം വലിയ ആഴ്ചയിലും ഇതു സദാ നമ്മുടെ ബോധത്തിൽവച്ചുകൊണ്ടു സഹതാപസഹിതം അതിന്മേൽ ധ്യാനിക്കേണ്ടതാണ്. ഇതിന്നു നമ്മെ പ്രേരിപ്പിക്കുന്ന ന്യായങ്ങളിൽ ഒന്നു കൃതജ്ഞതയാകുന്നു. പാപത്താൽ നശിച്ചുപോയ നരവൎഗ്ഗത്തെ രക്ഷിക്കുന്നതിന്നു ആവശ്യമോ കടമയോ ദൈവത്തിന്നു ഉണ്ടായിരുന്നില്ല. എങ്കിലും നിത്യവചനം മാനുഷസ്വഭാവം ധരിച്ചു തന്റെ പാടുകളാൽ മനുഷ്യൎക്കു നിത്യജീവൻ കൊടുക്കുന്നതിന്നു തിരുമനസ്സായി. പരിത്രാണത്തിന്നു ദൈവപുത്രന്റെ ഒരു പ്രാൎത്ഥന മതിയായിരുന്നുവെങ്കിലും നമ്മുടെ നേൎക്കുള്ള സ്നേഹാതിരേകത്താൽ അളവററ പാടുകളും നിന്ദകളും അനുഭവിച്ചു മരിച്ചു. ഇത്രവലിയ സ്നേഹത്തെ നാം അനവരതം ചിന്തിച്ചു നമ്മുടെ കൎത്താവിനെ സ്നേഹിക്കാതിരിക്കുന്നതു നന്ദിഹീനതയല്ലയോ?




കൂടാതെ നമ്മുടെ പ്രയോജനവും ഇതിലേക്കു നമ്മെ പ്രേരിപ്പിക്കുന്നു. എന്തെന്നാൽ ഈശോയുടെ പീഡാനുഭവത്തിന്മേലുള്ള ധ്യാനംപോലെ ആത്മീയ പരിശുദ്ധതക്ക് ഉപയുക്തമായ മാൎഗ്ഗം വേറൊന്നുമില്ല എന്നതു വേദപാരംഗതന്മാരുടെ സൎവ്വസാധാരണമായ അഭിപ്രായമാണ്. സാക്ഷാൽ പാപത്തെ പരിഹരിക്കുന്നതിന്നുവേണ്ടി ഒരു ദൈവം കഠോരപീഡകൾ അനുഭവിച്ചു മരിച്ചുവെന്നു ചിന്തിക്കുന്നവൻ പാപത്തെ ദ്വേഷിക്കാതിരിക്കുന്നതെങ്ങിനെ? നരദേവൻ അവസാനത്തുള്ളിവരെയും രക്തം ചിന്തി മരിച്ചതു മനുഷ്യരുടെ നേൎക്കുള്ള അപരിമിതസ്നേഹത്താലാണ് എന്നറിയുന്നവൻ ഈശോയെ സ്നേഹിക്കാതെയും സൽകൃത്യങ്ങളാൽ അദ്ദേഹത്തെ പ്രസാദിപ്പിക്കാതെയും ഇരിക്കുന്നതെങ്ങിനെ? ആകയാൽ ഈശോയുടെ പീഡാനുഭവത്തിന്മേൽ പ്രതിദിനം ധ്യാനിക്കുന്നതിൽ നാം ഉത്സുകരാകണം.

2. കൎത്താവിന്റെ പീഡകളിന്മേൽ നാം എങ്ങിനെ ധ്യാനിക്കണം? കൎത്താവിന്റെ പാടുകളെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ നമുക്കു സംബന്ധമില്ലാത്ത ഒരാൾ പാടുപെടുന്നതുപോലെയല്ല; നമ്മുടെ പിതാവും രാജാവും നാഥനും നമ്മുടെ സൎവ്വസ്വവുമായ ദൈവമാണ് പീഡയനുഭവിക്കുന്നതു എന്നു വിശ്വസിച്ചുകൊണ്ടും കൎത്താവിന്റെ പീഡാനുഭവത്തിന്റെ ഓരോവിഷയവും നമ്മുടെ കൺമുമ്പാകെ നടക്കുന്നതുപോലെ വിചാരിച്ചുകൊണ്ടും

ധ്യാനിക്കണം. കൂടാതെ പാടുകളുടെ സാഹചര്യങ്ങൾ നല്ലപോലെ നാം ആലോചിക്കണം. ഉദാഹരണമായി, പാടുപെടുന്നതു ആർ? ഒരു ദൈവം. എന്തു? കഠോരപീഡകളും മഹാ നിന്ദാവമാനങ്ങളും. ആർക്കുവേണ്ടി? എന്തുകൊണ്ടു? എൻെറ പാപങ്ങൾ നിമിത്തം. എങ്ങിനെ? മഹാക്ഷമയോടും സന്തോഷത്തോടും കൂടെ. ഇങ്ങിനെ ചിന്തിക്കുമ്പോൾ ഉളവാകുന്ന വികാരങ്ങൾക്കനുസാരമായി അനുതാപം, സ്നേഹം, എളിമ, ക്ഷമ ആദിയായവകളുടെ പ്രകരണങ്ങൾ ചെയ്യു.

3. വലിയ നോമ്പിൻെറ അവസാനത്തിൽ വരുന്ന പെസഹാ വ്യാഴാഴ്ചയും ദുഃഖവെള്ളിയാഴ്ചയും ദുഃഖശനിയാഴ്ചയും അതിൻെറ പ്രധാനദിവസങ്ങൾ ആണെല്ലൊ. ആ ദിവസങ്ങളിൽ പ്രത്യേക ചിലസംഗതികൾ ഓർമ്മിച്ചു പ്രവൃത്തിക്കേണ്ടതായുണ്ടു്.

പെസഹാ വ്യാഴം. ദിവ്യരക്ഷകൻ ശ്ലീഹന്മാരുടെ കാലുകൾ കഴുകിയതും വി. കുർബാന സ്ഥാപിച്ചതും ശത്രുക്കളാൽ പിടിക്കപ്പെട്ടതും ഇന്നാണു്. ഈ സംഭവങ്ങളെ സൂചിപ്പിക്കുന്ന ക്രമങ്ങൾ കത്തോലിക്കദേവാലയങ്ങളിൽ അന്നു കാണാവുന്നതാണു്. ഒരു സംഗതി പ്രത്യേകം എടുത്തുപറഞ്ഞുകൊള്ളട്ടെ. അന്നു രാപകൽ വി. കുർബാനയുടെ ആരാധന നടക്കുന്നു. പെസഹാ വ്യാഴാഴ്ച രാവു മുഴുവൻ ഈശോ യൂദന്മാരിൽനിന്നും പടയാളികളിൽനിന്നു അത്യധികമായ നിന്ദാവമാനങ്ങൾ സഹിച്ചു. ഇതിന്നു പരിഹാരമായിട്ടാണു് പെസഹാ വ്യാഴാഴ്ച രാത്രി മുഴുവൻ വിശ്വാസികളുടെ ആരാധനവണക്കങ്ങൾക്കായി വി. കുർബാന ദേവാലയങ്ങളിൽ സ്ഥാപിക്കപ്പെടുന്നതു്. ആകയാൽ സ്നേഹിക്കപ്പെട്ട വിശ്വാസികളെ! പെസഹാവ്യാഴാഴ്ച പകൽമാത്രമല്ല രാത്രിയിൽക്കൂടെയും നിങ്ങൾ പള്ളിയിൽചെന്നു വി. കുർബാനയെ പലപ്പോഴും ആരാധിക്കണം. മുന്നാണ്ടുകളിൽ ഈ വിഷയത്തിൽ നിങ്ങൾ പ്രദർശിപ്പിച്ച അലസതയെ ഈയാണ്ടു നിങ്ങളുടെ ഭക്തിവണക്കങ്ങളാൽ പരിഹരിക്കുന്നതിന്നു ശ്രമിക്കണം.

ദുഃഖവെള്ളിയാഴ്ച. ഈശോ ചമ്മട്ടികളാൽ അടിക്കപ്പെട്ടതും മുൾമുടി ധരിപ്പിക്കപ്പെട്ടതും മരണത്തിന്നു വിധിക്കപ്പെട്ടതും കുരിശിന്മേൽ തൂങ്ങി മരിച്ചതും കല്ലറയിൽ അടക്കപ്പെട്ടതും ഇന്നാണു്. പള്ളിയിൽ നടക്കുന്ന കർമ്മങ്ങൾക്കു ഭക്തിപൂർവ്വം നിങ്ങൾ സംബന്ധിക്കയും അന്നു മുഴുവൻ കർത്താവിൻെറ പീഡാനുഭവത്തെ വിവരിക്കുന്ന ഏതെങ്കിലും ഒരു പുസ്തകം വായിച്ചു അതിനെക്കുറിച്ചു സഹതാപത്തോടെ ധ്യാനിക്കയും ചെയ്യണം.

ദുഃഖശനിയാഴ്ച. ഇന്നു കന്യകമറിയത്തിൻെറ വ്യാകുലതകളെക്കുറിച്ചു ധ്യാനിക്കേണ്ടതാണു്. ഈ അവസരത്തിൽ മാതാവിൻെറ വ്യാകുലതകളെ വിവരിക്കുന്ന ഏതെങ്കിലും പുസ്തകം ശ്രദ്ധാപൂർവ്വം വായിച്ചു അനുതാപസഹിതം ചിന്തിക്കുമെങ്കിൽ വ്യാകുലമാതാവിന്നു അതു വളരെ സന്തോഷജനകവും നമുക്കു വളരെ പ്രയോജനകരവുമായിരിക്കും. ഇങ്ങനെ ഈ ദിവസങ്ങളിൽ കർത്താവിൻെറ പീഡകളേയും മാതാവിൻെറ വ്യാകുലതകളേയും കുറിച്ചു നാം സഹതപിക്കുമെങ്കിൽ പരലോകത്തിൽ അവരുടെ മഹത്വത്തിൽ നാം ഭാഗഭാക്കുകളാകുന്നതാണു്.

ഫാദർ അലോഷ്യസ് സി. ഡി.

## ദിവ്യകാരുണ്യ നഗരം.

ഈക്കൊല്ലത്തെ വിശുദ്ധ കുർബാനയുടെ സർവ്വലോകമഹായോഗം ഹോളണ്ടു രാജ്യത്തിൻെറ തലസ്ഥാനമായ ആംസ്റ്റർഡാം (Amsterdam) പട്ടണത്തിൽവച്ചു നടത്തപ്പെടുന്നതാണെന്നു തൽഭാരവാഹികൾ പ്രസിദ്ധം ചെയ്തു

കഴിഞ്ഞിരിക്കുന്നു. പ്രസ്തുത അവസരത്തിലേക്കു തദ്ദേശീയനും പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ മേലദ്ധ്യക്ഷനുമായ മഹോന്നത ദിവ്യശ്രീ കർദ്ദിനാൾ വൻറോസവർകളെ തിരുസിംഹാസനത്തിന്റെ പ്രതിപുരുഷനായി പരിശുദ്ധപിതാവുതിരുമനസ്സുകൊണ്ടു നിയോഗിച്ചിരിക്കയാണു. ഹോളണ്ടു കത്തോലിക്കർ ഏകോപിച്ചു ഈ മഹായോഗം മംഗളമായി പരിണമിക്കുന്നതിലേക്കു വേണ്ട ഒരുക്കങ്ങൾ ചെയ്തുവരുന്നു. വിശേഷിച്ച് വി. കർബാനയുടെ ഒരത്ഭുതത്താൽ ഉത്ഭവിച്ച അംസ്റ്റർഡാം പട്ടണത്തിനു് ഇതേസംബന്ധിച്ചുള്ള സന്തോഷം അനിർവ്വചനീയമെന്നേ പറവാനുള്ളു. പ്രസ്തുത അത്ഭുതത്തെപ്പററി കർദ്ദിനാൾ തിരുമനസ്സിൽ നിന്നുംമററും നേരിട്ടു കേട്ട വിവരങ്ങൾ കുസുമവായനക്കാരുടെ അറിവിനായി ചുരുക്കത്തിൽ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

പതിന്നാലാം ശതവർഷത്തിനു മുമ്പ് ഇന്നത്തെ അംസ്റ്റർഡാം പട്ടണം ചെറിയ ഒരു ചിറ മാത്രമായിരുന്നു. കത്തോലിക്കാമതം സ്വൈരപ്രസരിച്ചിരുന്ന ആ കാലത്തു രോഗപരവശയായ അവിടത്തെ ഒരു സാധ്വിക്കു് ഒരു വൈദികൻ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുത്തു. എന്നാൽ ദീനക്കാരി ഏറെത്താമസിയാതെ ശരീരഭോജനത്തോടുകൂടെ ആത്മഭക്ഷണവും ഛർദ്ദിക്കയാണുണ്ടായതു്. രോഗിയെ ശുശ്രൂഷിച്ചിരുന്നവർ ഭയപ്പെട്ടു ഛർദ്ദിക്കപ്പെട്ട സാധനങ്ങളെയെല്ലാം അഗ്നിയിൽ നിക്ഷേപിച്ചു. ഹാ! അത്ഭുതമേ! തൽക്ഷണം അതിൽനിന്നും ആ ദിവ്യ ഓസ്തി അഗ്നിക്കു മുകളിൽ സ്വയമേവ ഉയർന്നുനിന്നു. തീജ്വാലയാകട്ടെ ആ പരിശുദ്ധ അപ്പത്തെ ഭസ്മമാക്കിയില്ലെന്നു മാത്രമല്ല അതിന്റെ സ്രഷ്ടാവിന്നു് ഒരു ഭൂഷണമായി പ്രോജ്ജ്വലിച്ചു. വിവരം ഗ്രഹിച്ചക്ഷണത്തിൽ പട്ടക്കാരൻ വീണ്ടും സ്ഥലത്തെത്തി മറെറാരു അത്ഭുതത്താലെന്നപോലെ അഗ്നിസ്പർശലേശം കൂടാതെ ദിവ്യകാരുണ്യം എടുത്തു സന്തോഷം ദേവാലയത്തിൽ കൊണ്ടുചെന്നു സ്ഥാപിച്ചു. ഈ മഹാ അത്ഭുതമറിഞ്ഞു് അയൽവാസികളെന്നല്ല ദൂരദേശങ്ങളിൽനിന്നുപോലും അനേക ജനങ്ങൾ ദൈനംദിനം ഇലോം വിസ്തീർണ്ണത കുറഞ്ഞ അംസ്റ്റർഡാമിൽ വന്നുതുടങ്ങി. തദ്ദേശവാസികൾ തീർത്ഥയാത്രക്കാരുടെ സൌകര്യത്തിനുവേണ്ടി വരമ്പുകൾ ചിറകളാക്കിയും, തോടുകൾ നികത്തിയും സ്ഥലം വിസ്തീർണ്ണപ്പെടുത്തി. കാലക്രമത്തിൽ അന്നത്തെ ആ ചിറ ഒരു മഹാ പട്ടണമായിത്തീർന്നു. ഇന്നിപ്പോൾ അംസ്റ്റർഡാമിൽ ഏഴ ലക്ഷം ജനങ്ങൾ നിവസിക്കുന്നുണ്ടെന്നറിയുമ്പോൾ അതിന്റെ വർദ്ധനവും ഉന്നതിയും എത്രമാത്രമാണെന്നു ഊഹ്യമാണല്ലൊ. പതിനാറാം നൂററാണ്ടിൽ കാൽവിൻ പാഷണ്ഡമതബീജങ്ങൾ അവിടെ അങ്കുരിക്കുന്നതുവരെ ആണ്ടുതോറും ക്രിസ്ത്യാനികൾ ദിവ്യകാരുണ്യാത്ഭുതത്തിന്റെ സ്മാരകമായി ആഘോഷമായ ഒരു പ്രദക്ഷിണം നടത്തിപ്പോന്നു. തദനന്തരം കത്തോലിക്കരുടെ സംഖ്യ ക്ഷയോന്മുഖമായിത്തീർന്നെങ്കിലും ഈ ഓർമ്മയെ അവരു് പാട്ടുപോലെ നിലനിർത്തിക്കൊണ്ടുപോന്നു.

കഴിഞ്ഞ ശതാബ്ദത്തിൽ വാണിരുന്ന ഗുലിയേൽമോ ദ്വിതീയൻ ജനങ്ങൾക്കു മതസ്വാതന്ത്ര്യം നൽകിയതിൽ പിന്നെ ഹോളണ്ടിലെ കത്തോലിക്കരുടെ ദുർദ്ദശയെല്ലാം നീങ്ങിയെന്നു തന്നെയല്ല കത്തോലിക്കാ മിഷ്യൻ ജോലിയിൽ ഈ രാജ്യം പ്രഥമസ്ഥാനത്തെ വഹിക്കുന്നു. സ്വദേശത്തിൽ തന്നെ 1,500 വൈദികർ വേലചെയ്യുന്നുണ്ടു. തദ്ദേശീയരായി വിദേശങ്ങളിൽ വേലചെയ്യുന്നവർ മൂവായിരത്തോളംവരും. വേദപ്രചാരണത്തിന്നായി ഇത്ര ശുഷ്കാന്തിപൂർവ്വം വേലചെയ്യുന്ന മറെറാരുരാജ്യവും ലോകത്തിലിപ്പോളില്ലെന്നുപറയാം. ഈ ചെറുരാജ്യത്തിന്റെ ഉന്നമനഹേതു വിശുദ്ധ കുർബാനയോടുള്ള അനന്യസാധാരണമായ ഭക്തിയാണെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. ഭാഗ്യസ്മരണാർഹനും പുണ്യശ്ലോകനുമായ പത്താംപീയൂസ് മാർപ്പാപ്പായുടെ ദിവ്യകാരുണ്യതിരുവെ

ത്തു പ്രഥമമായും പ്രധാനമായും പ്രവൃത്തിയിൽ വരുത്തിയതു ഹോളണ്ടു കത്തോലിക്കരായിരുന്നു. തന്നിമിത്തം ആ പുണ്യപിതാവു പ്രവചിച്ചതുപോലെ ഹോളണ്ടു ലോകമഹായുദ്ധത്തിൽനിന്നും രക്ഷപെടുകയാണുണ്ടായതു്. ദിവ്യകാരുണ്യ നഗരത്തിലെ ഈ ദിവ്യകാരുണ്യ മഹായോഗം മംഗളമായി പര്യവസാനിക്കുന്നതിലേക്കു് നമുക്കും പ്രാർത്ഥിക്കാം.

കടവിൽ മാത്തൻ ശ:

## വേദപുസ്തകപാരായണം.

“മനുഷ്യൻ ജീവിക്കുന്നതു അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടുമാകുന്നു”. (വി. മത്തായി 4. 4) അകയാൽ ഭക്തിയുള്ള ആത്മാവുകൾക്കു ഏററം രുചിയുള്ള ജ്ഞാനവായന, അഥവാ ഏററം പോഷകകരമായ ജ്ഞാനഭക്ഷണം ദൈവവചനമാകുന്നു. ഈ വചനങ്ങൾ ഓരോന്നും സ്വർഗ്ഗത്തിലിരിക്കുന്ന നമ്മുടെപിതാവിന്റെ സ്നേഹംനിറഞ്ഞ അരുളപ്പാടുകൾ ആകയാൽ, രാജദീർഘദർശി പറയുംപോലെ ഇവ നമുക്കു തേനിനേക്കാൾ മധുരതരങ്ങളായിരിക്കുന്നു. വി. അമ്പ്രോസീസ് മല്പാൻ പഠിപ്പിക്കുന്നതിൻവണ്ണം ദൈവം അഗ്നിക്കുസമം നമ്മുടെ ആത്മത്തെ പ്രകാശിപ്പിക്കയും, ചൂടുപിടിപ്പിക്കയും, ശുദ്ധീകരിക്കയും ചെയ്യുന്നു. നമ്മുടെ കർത്താവു് സുവിശേഷത്തിൽ അരുളിച്ചെയ്തിട്ടുള്ള വിത്തിന്റെ ഉപമയാൽ നമ്മേ പഠിപ്പിക്കുംപ്രകാരം, ദൈവവചനം സ്വർഗ്ഗീയ പാനത്തിന്റെ ജ്ഞാനവിത്തുപോലെ നമ്മുടെ ആത്മാക്കളിൽ വീണു് മുപ്പതും അറുപതും നൂറും ഫലം ചെയ്യാവുന്നതാകയാൽ, നാം വഴിയും മുള്ളുകളും പാറയുംപോലെ ആകാതെ നല്ല നിലത്തിനു സമം ദൈവവചനത്തെ ഫലിപ്പിക്കേണം. ഇതിനു ദൈവസഹായം ആവശ്യമാകയാൽ, പട്ടക്കാരൻ കുർബാനയിൽ എംഗത്തായും ഏവൻഗേലിയും വായിക്കുന്നതിനു മുമ്പു ദൈവ വെളിവു കിട്ടുവാൻ വേണ്ടി പ്രാർത്ഥിക്കുന്നതുപോലെ, നാമും ദൈവവചനം വായിക്കയോ കേൾക്കയോ ചെയ്യുന്നതിനു മുമ്പു ഹൃദയംകൊണ്ടു ദൈവത്തോടു പ്രാർത്ഥിക്കേണം. പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോടുസംസാരിക്കുന്നു; എന്നാൽ നാം ദൈവവചനം വായിക്കയൊ കേൾക്കയൊ ചെയ്യുമ്പോൾ ദൈവം നമ്മോടു അരുളിച്ചെയ്യുന്നു.

ദൈവം നമ്മോടു കല്പനകളായിട്ടും ഉപദേശങ്ങളായിട്ടും അരുളിച്ചെയ്തിട്ടുള്ള അസംഖ്യം തിരുവചനങ്ങൾ വേദപുസ്തകത്തിൽ പല സ്ഥലങ്ങളിലായി എഴുതപ്പെട്ടിട്ടുണ്ടു്. അവയിൽ പ്രാധാന്യം വഹിക്കുന്ന നമ്മുടെ കർത്താവിന്റെ മലയിലെ പ്രസംഗവും മററും നാം പണ്ടേ പാരായണം ചെയ്തിട്ടുണ്ടല്ലോ. ഇപ്പോൾ നമ്മുടെ കർത്താവു് മരിക്കുന്നതിനു തലേരാത്രി ഒടുക്കത്തെ അത്താഴം കഴിഞ്ഞിട്ടു് തന്റെ പ്രിയശിഷ്യരെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞ സ്നേഹസംഭാഷണം താഴെച്ചേർക്കുന്നു. മരിപ്പാൻപോകുന്ന ഒരു പിതാവു് തന്റെ മക്കളെ ആശ്വസിപ്പിച്ചുകൊണ്ടും അനേക സംഗതികളെ ചാവരുളായി അവരോടു പറഞ്ഞുകൊണ്ടും യാത്ര പറയുന്നതുപോലെയാണു് ഈ സ്നേഹസംഭാഷണത്തിന്റെ സ്വഭാവം. ഈ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടു്, നമ്മുടെ കർത്താവിന്റെ തിരുവചനങ്ങളെ നാം കേൾക്കണം.

### ഒടുക്കത്തെ അത്താഴത്തിന്റെ ശേഷമുണ്ടായ സംഭാഷണം.

വിശുദ്ധ യോഹന്നാൻ XIV. 1–15.

“നിങ്ങളുടെ ഹൃദയം കലങ്ങരുതു്. നി

ങ്ങൾ ദൈവത്തിൽ വിശ്വസിപ്പിൻ; എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങളുണ്ടു്; ഇല്ലായിരുന്നുവെങ്കിൽ, ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയ ശേഷം, ഞാൻ ഇരിക്കുന്ന സ്ഥലത്തു നിങ്ങളും ഇരിക്കേണ്ടതിന്നു ഞാൻ വീണ്ടുംവന്നു നിങ്ങളെ എന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോകും. ഞാൻ എവിടേക്കു പോകുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ, വഴിയും നിങ്ങൾ അറിയുന്നു. തോമ്മാ അങ്ങെയോടു് 'കർത്താവേ! നീ എവിടേക്കുപോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ എങ്ങിനെ ഞങ്ങൾ വഴി അറിയുന്നു' എന്നു പറയുന്നു. ഈശോ അയാളോടു അരുളിച്ചെയ്തതായതു്: ഞാൻ വഴിയും, സത്യവും, ജീവനും ആകുന്നു; ഒരുത്തനും ഞാൻ വഴിയായിട്ടല്ലാതെ പിതാവിന്റെ അടുക്കൽ വരുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ, നിശ്ചയമായി എന്റെ പിതാവിനേയും അറിയുമായിരുന്നു. ഇതുമുതൽ നിങ്ങൾ അയാളെ അറിയും; അയാളെ നിങ്ങൾ കണ്ടുമിരിക്കുന്നു.

പീലിപ്പോസ് അങ്ങെയോടു്: കർത്താവേ! പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക, അതു ഞങ്ങൾക്കു മതി എന്നു പറയുന്നു. ഈശോ അയാളോടു അരുളിച്ചെയ്തതായതു്: പീലിപ്പോസേ! ഞാൻ ഇത്രകാലം നിങ്ങളുടെകൂടെ ഇരുന്നിട്ടും നിങ്ങൾ എന്നെ അറിഞ്ഞില്ലയോ! എന്നെ കാണുന്നവൻ പിതാവിനേയും കാണുന്നു; (എന്നിരിക്കെ) പിതാവിനെഞങ്ങൾക്കുകാണിച്ചുതരിക എന്നു നീപറയുന്നതു എങ്ങിനേ? ഞാൻ പിതാവിലും പിതാവു എന്നിലുമാകുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോടു പറയുന്ന വചനങ്ങളെ ഞാൻ സ്വയമായി പറയുന്നില്ല; എന്നിൽ വസിക്കുന്ന പിതാവ് തന്നെ ഈ പ്രവൃത്തികളെ ചെയ്യുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നിങ്ങൾ വിശ്വസിപ്പിൻ. ഇല്ലെങ്കിൽ പ്രവൃത്തികൾ നിമിത്തമെങ്കിലും നിങ്ങൾ വിശ്വസിപ്പിൻ. എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികളെ ചെയ്യും; അവയേക്കാൾ വലിയവയും ചെയ്യും എന്നു സത്യമായിട്ടു, സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ പിതാവിന്റെ പക്കലേക്കു പോകുന്നു. നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു എന്തു അപേക്ഷിച്ചാലും, പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിന്നായി, അതു ഞാൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ എന്തെങ്കിലും എന്നോടു ചോദിച്ചാൽ അതു ഞാൻ ചെയ്യും. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ, എന്റെ കല്പനകളെ കാത്തുകൊൾവിൻ.

ഫാദർ അലക്സാണ്ടർ സി. ഡി.

# വിശ്വാസപ്രമാണം.

(ഒരു പഴയ കയ്യെഴുത്തുപുസ്തകത്തിൽനിന്നു)

യാവാപൃഥിവ്യൌ സ്രഷ്ടാര
മന്തനകവശായുതം
ജനകംപ്രതി സർവ്വേശം
വിശ്വസാമീസുനിശ്ചലം.

നശ്ചനാഥം എസുക്രീസ്തു–
ന്തസ്യൈകംതനയൻപ്രതി

യൊത് ഭൂതരുഹാവൃണ്യോന
സൂതഃകന്യാമരീയയാഃ.

ക്ഷമിതസ്സത്യധികാരെ
പന്തീയുസി പിലാത്തുസി
കീലിതൊ മാരണകാഷ്ഠെ
മൃതൊപിചദരീകൃതഃ.

ശവസ്ഥാനെ ക്ഷേപിതോസ്തി
പ്രാപാധോഭുവനസ്ഥിതാൻ.

പുനരുത്തസ്ഥൌ മൃതാനാ—
മ്മദ്ധ്യാ തൃതീയവാസരെഃ
മോക്ഷഭുവമാരുരോഹ
സർവ്വവശസ്യദക്ഷിണെ
ഭാഗെ ജനകസ്യാസ്സേ
തതോപി ചാഗമിഷ്യതി

മൃതാനാഞ്ചാസുധാരാണാം
വൃത്തിംശാസ്തും നയം യഥാഃ
പുണ്യരൂഹാംപ്രതി ചാഹം
വിശ്വസാമിസുനിർമ്മലാം

കാസൊലികാംസഭാംപുണ്യ
ജനതാനുഭവംസഹ.

ദൊഷാപഹാരോപായഞ്ച
മൃതോത്ഥാനം പുനർന്നൃണാം
ഭാവിനിസ്തതമായുഃ
വിശ്വസാമി യഥാസ്ഥിരം.

അന്വയാർത്ഥം:— ദ്യാവാപൃഥിവികളെ സ്രഷ്ടാവായി അന്തനകവശായുതനായി ജനകനായിരിക്കുന്ന സർവ്വേശനെ പ്രതി സുനിശ്ചലമാംവണ്ണം ഞാൻ വിശ്വസിക്കുന്നു.

അവൻെറ ഏകനായിരിക്കുന്ന തനയനായി ഞങ്ങളുടെ നാഥനായിരിക്കുന്ന എസുക്രീസ്തുവിനെപ്രതിയും വിശ്വസിക്കുന്നു.

യാവനൊരുത്തൻ രൂഹാപുണ്യനാൽ ഉൽഭൂതനായി കന്യാമരീയയാൽ സൂതനായി.

പൊന്തിയുസ്പീലാത്തൂസിങ്കൽ അധികാരാസത്തായിരിക്കും വിഷയത്തിങ്കൽ ക്ഷമിതനായി, മാരണകാഷ്ഠത്തിങ്കൽ കീലിതനായി മൃതനുമായി ദരീകൃതനുമായിരിക്കുന്ന ശവസ്ഥാനത്തിങ്കൽ ക്ഷെപിതനായി ഭവിക്കുന്നു. അധോഭുവനസ്ഥിതന്മാരെ പ്രാപിച്ചു.

പിന്നെ മൃതന്മാരുടെ മദ്ധ്യത്തിങ്കൽനിന്നു തൃതീയവാസരത്തിങ്കൽ ഉത്ഥാനം ചെയ്തു. മോക്ഷഭൂവിനെ ആരോഹണം ചെയ്തു. സർവ്വവശനായിരിക്കുന്ന ജനകൻെറ ദക്ഷിണമായിരിക്കുന്ന ഭാഗത്തിങ്കൽ ഇരിക്കുന്നു. പിന്നെയും അവിടെനിന്നു അസുധരന്മാരുടെയും മൃതന്മാരുടെയും വൃത്തിയെ നയത്തിനു തക്കവണ്ണം ശാസിപ്പാൻ ആഗമിക്കും.

പുണ്യരൂഹായെപ്രതിയും ഞാൻ വിശ്വസിക്കുന്നു. സുനിർമ്മലയായി കത്തോലിക്കായായിരിക്കുന്ന സഭയെയും, പുണ്യജനതാനുഭവത്തെയുംകൂടെ വിശ്വസിക്കുന്നു.

ദോഷാപഹാരോപായത്തെയും മൃതോത്ഥാനത്തെയും പിന്നെനൃക്കളുടെ ഭാവിയിലുള്ള സതതമായിരിക്കുന്ന ആയുസ്സിനേയും സ്ഥിരമാംവണ്ണം വിശ്വസിക്കുന്നു.

പരിഭാഷ:— ദ്യാവാപൃഥിവികൾ: ആകാശവും ഭൂമിയും. സ്രഷ്ടാവ്: സൃഷ്ടിച്ചവൻ. അന്തനകവശായുതൻ: അന്തനകമായിരിക്കുന്ന വശത്തോടുകൂടിയവൻ. അന്തനകം: സർവ്വം. വശം: വല്ലഭം. യുതൻ: കൂടിയവൻ. ജനകനായിരിക്കുന്ന സർവ്വേശൻ: പിതാവായിരിക്കുന്ന ദൈവം— ബാവാതമ്പുരാൻ. സുനിശ്ചലം: ഏററവും നിശ്ചലം. നിശ്ചലം: ഉറപ്പു.

അവൻ: ആ സർവ്വേശൻ. ഏകൻ: ഒരുവൻ. തനയൻ: പുത്രൻ. നാഥൻ: കർത്താവ്. എസുക്രീസ്തു: ഈശോമിശിഹാ. യാവനൊരുത്തൻ: ഈ പുത്രൻ. രൂഹാപുണ്യൻ: പരിശുദ്ധ അരൂപി; റൂഹാദക്കുദശാ. ഉൽഭൂതൻ: ഉത്ഭവിക്കപ്പെട്ടവൻ. ഉത്ഭവിക്ക: ജനിക്ക. കന്യാമരീയാ: കന്യകയായിരിക്കുന്ന മരീയാ. കന്യക: കന്യാസ്ത്രീ; സൂതഃ: പിറക്കപ്പെട്ടവൻ.

പൊന്തിയുസ്പീലാത്തൂസി: പൊന്തിയുസ്പീലാത്തോസെന്ന അധികാരി. ക്ഷമിതൻ: സഹിക്കപ്പെട്ടവൻ. മാരണകാഷ്ഠം: മാരണത്തിൻെറ കാഷ്ഠം. മാരണം: മരണം. കാഷ്ഠം മരം; കുരിശു്. കീലിതൻ: ബന്ധിക്കപ്പെട്ടവൻ. മൃതൻ: മരിക്കപ്പെട്ടവൻ. ദരീകൃതം: ദരിയിൽ കൃതം. ദരി: ഗുഹ. കൃതം: ചെയ്യപ്പെട്ടതു്. ശവസ്ഥാനം: കുഴിമാടം. ക്ഷെപിതൻ: അടക്കപ്പെട്ടവൻ. അധൊഭുവനസ്ഥിതന്മാർ: അധൊഭുവനത്തിങ്കൽ സ്ഥിതിചെയ്യുന്നവർ. അധൊഭുവനം: പാതാളം. സ്ഥിതിചെയ്ക: ഇരിക്ക. പ്രാപിക്ക: ചെല്ലുക.

മൃതന്മാർ: മരിക്കപ്പെട്ടവർ. മദ്ധ്യം: ഇട തൃതീയവാസരം! മൂന്നാംനാൾ. ഉത്ഥാനംചെയ്ക: ഉയിക്ക. മോക്ഷഭൂ: മോക്ഷരാജ്യം. ആരോഹണംചെയ്ക: കരേറുക. സർവ്വവശൻ: സർവ്വശക്തൻ. ജനകൻ: പിതാവു. ദക്ഷിണമായിരിക്കുന്ന ഭാഗം: വലത്തുഭാഗം. അസുധരന്മാർ: പ്രാണനെ ധരിച്ചിരിക്കുന്നവർ. മൃതന്മാർ: മരിച്ചവർ. വൃത്തി: പ്രവൃത്തി. നയം: നീതി. ശാസിക്ക: വിധിക്ക. ആഗമിക്ക: വരിക.

പുണ്യരൂഹാ: റൂഹാദക്കുദശാ. സുനിർമ്മലാഃ ഏററവും നിർമ്മല. നിർമ്മല: ശുദ്ധമുള്ളവ

ർ കത്തോലിക്ക. പൊതുവേയുള്ളതു: വേദഭോഷ. സഭ:ക്കൂട്ടം. പുണ്യജനതാനുഭവം: പുണ്യജനതയുടെ അനുഭവം. പുണ്യജനത: പുണ്യജനതയുടെ സമൂഹം. അനുഭവം. ഫലാനുഭവം: ഒരുമ്പാട്ട.

ദോഷാപഹാരോപായം: ദോഷാപഹാരത്തിന്റെ ഉപായം. ദോഷാപഹാരം: ദോഷങ്ങളുടെ അപഹാരം. ദോഷങ്ങൾ: വിഷങ്ങൾ. അപഹാരം: പൊറുതി. മൃതോത്ഥാനം: മൃതന്മാരുടെ ഉത്ഥാനം. മൃതന്മാർ: മരിച്ചവർ. ഉത്ഥാനം: ഉയിപ്പു. നൃക്കൾ: മനുഷ്യർ. ഭാവി: വരുംകാലം. സതതം എന്നന്നേക്കുമുള്ളതു. ആയുസ്സ്: ജീവിതം. സ്ഥിരം: ഉറപ്പ്.

## സ്വൎഗ്ഗീയ വൈദ്യനായ മാർ യൌസേപ്പ്.

മാർ യൗസേപ്പ പിതാവിനോടുള്ള ഭക്തി ദിനംപ്രതി എന്നവണ്ണം വൎദ്ധിച്ചുവരുന്ന ഇക്കാലത്തു അദ്ദേഹത്തിന്റെ അസ്സാമാന്യയോഗ്യതകളേയും, ദൈവസന്നിധിയിൽ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥത്തിനുള്ള വിലയേയും കുറിച്ചു അധികമൊന്നും പറയേണ്ട ആവശ്യമില്ല. പ്രായേണ പുണ്യവാന്മാൎക്കു ഓരോ പ്രത്യേക കാൎയ്യങ്ങൾ സാധിക്കുന്നതിനുള്ള വരമാണു ദൈവം കൊടുത്തുവരാറുള്ളതു്. എന്നാൽ വി. യൌസേപ്പ പിതാവിന്റെ മാദ്ധ്യസ്ഥത്താൽ സാധിക്കാത്ത സംഗതികൾ യാതൊന്നുമില്ലെന്നു് പറയാം. സൃഷ്ടികളിൽ ദൈവജനനി കഴിഞ്ഞാൽ പിന്നെയുള്ള ഏററവും മഹത്വപ്പെട്ട സ്ഥാനം സൎവ്വേശ്വരൻ ഈ പരിശുദ്ധനു നൽകിയിരിക്കുന്നതിനാൽ, അദ്ദേഹത്തിന്റെ അപേക്ഷകൾക്കുള്ള ശക്തി എല്ലാ വിഷയങ്ങളിലും ഫലസിദ്ധിയുള്ളതായിട്ടാണിരിക്കുന്നതു്.

എന്നാൽ രോഗികളെ സ്വസ്ഥരാക്കുന്നതിൽ മററു സംഗതികളെ അപേക്ഷിച്ചു ഈ പിതാവിനു വളരെ ക്രൂടുതലായ ശക്തിയുണ്ടു്. മാർ യൗസേപ്പിന്റെ മാദ്ധ്യസ്ഥത്താൽ, അസാദ്ധ്യരോഗങ്ങളിൽനിന്നു സുഖം പ്രാപിച്ചിട്ടുള്ളവരുടെ തുക സംഖ്യാതീതമാണ്. ഇതു സംബന്ധമായി ഒരു ഏകദേശജ്ഞാനമുണ്ടാകുന്നതിനായി, പത്തൊൻപതാംനൂററാണ്ടിന്റെ മദ്ധ്യത്തോടുക്രൂടി പ്രഷ്യായിൽ പാഡെർ ബോൺ എന്ന മിസ്സത്തിലെ ഒരു വൈദികനു ഈ പുണ്യപിതാവിൽനിന്നു കിട്ടിയ മനോഗുണങ്ങളെക്കുറിച്ചുമാത്രം ഇവിടെ എടുത്തുപറയാം. യൌസേപ്പപിതാവിനോടു അത്യധികം ഭക്തിയുണ്ടായിരുന്ന ഈ വൈദികന്റെ പ്രാൎത്ഥനവഴിയായി അനേകായിരം രോഗികൾ സ്വസ്ഥതപ്രാപിക്കുന്നതായി അറിഞ്ഞുകൊണ്ടു നാനാദിക്കുകളിൽനിന്നു ദീനക്കാർ ക്രൂട്ടംക്രൂട്ടമായി ഇദ്ദേഹത്തിന്റെ അടുക്കൽവന്നു്, വിശുദ്ധ യൗസേപ്പിന്റെ മാദ്ധ്യസ്ഥത്താൽ സുഖം പ്രാപിച്ചുവന്നിരുന്നു. മാർ യൌസേപ്പിനെക്കുറിച്ചു ഒരു പുസ്തകം എഴുതണമെന്നുള്ള ഉദ്ദേശത്തോടുക്രൂടി വേറൊരു വൈദികൻ, അവിടെ നടക്കുന്ന അത്ഭുതങ്ങളെക്കുറിച്ചു എഴുതിച്ചോദിച്ചതിനു മറുപടിയായി 1872 ഫെബ്രുവരി 26-ാംനു- താഴെ കൊടുത്തിരിക്കുന്ന എഴുത്തു കിട്ടി.

"തീരാവ്യാധികൾ എന്നു മനുഷ്യർ പരിഗണിക്കാറുള്ള ഒരൊററ രോഗമെങ്കിലും യൗസേപ്പ പിതാവിന്റെ മാദ്ധ്യസ്ഥത്താൽ ദൈവം സുഖമാക്കാതെയിരുന്നിട്ടില്ല. പത്തോനൂറോ അല്ല, അനേകായിരമാളുകൾ അദ്ദേഹത്തിന്റെ സഹായത്താൽ ഇവിടെ സുഖപ്പെട്ടിട്ടുണ്ടു്. അൻപതിൽപരം കുരുടന്മാൎക്കു പൂൎണ്ണകാഴ്ച ലഭിച്ചു. അനേകംപേരുടെ ഭയങ്കരമായ വ്രണങ്ങൾ കരിഞ്ഞു. ചെകിടന്മാർ കേൾക്കുകയും, ഊമന്മാർ സംസാരിക്കയും, തളൎവാതം പിടിപെട്ടു അനേക വൎഷങ്ങളായി ശയ്യയിൽതന്നെ കഴിച്ചുക്രൂട്ടിയിരുന്നവർ സു

ഖമായി എഴുന്നേററു നടക്കുകയുംചെയ്തു. ചുഴലിദീനത്താൽ ബാധിതരായി ഇവിടെ കൊണ്ടുവന്നിരുന്ന അനേകായിരം പേരിൽ സുഖംപ്രാപിക്കാത്തവരുടെ എണ്ണം പത്തിൽതാഴെ മാത്രമേയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ അസ്സാദ്ധ്യമെന്നുപറഞ്ഞു വൈദ്യന്മാർ ഉപേക്ഷിച്ചിട്ടിരുന്ന അനവധി രോഗികൾ മാർ യൗസേപ്പിൻെറ സഹായത്താൽ സുഖംപ്രാപിച്ചു. ഇപ്രകാരം സുഖപ്പെട്ടവരുടെ ഒരുലിസ്ററു എടുക്കുകയാണെങ്കിൽ അതുതന്നെ ഒരു വലിയ പുസ്തകം നിറയാൻമാത്രം കാണും....

നിങ്ങളെ നേരിട്ടുകണ്ടു സംസാരിക്കാൻ സൗകര്യം കിട്ടിയിരുന്നെങ്കിൽ എനിക്കുതന്നെ ഈ വിശുദ്ധ പിതാവിൻെറ സഹായം വഴിയായി സംഭവിച്ചിട്ടുള്ള എത്ര അത്ഭുതങ്ങളേക്കുറിച്ചു പറയാമായിരുന്നു.”

മേൽ പ്രസ്താവിച്ചിരിക്കുന്ന സംഗതികൾ എല്ലാ രോഗികളും വിശുദ്ധ യൗസേപ്പു പിതാവിൽ തങ്ങളുടെ ശരണം മുഴുവനും വെക്കുന്നതിനു ഒരു പ്രേരണയായിത്തീരട്ടേ! അവരുടെ സുഖപ്രാപ്തി ആദ്ധ്യാത്മികമായി അവർക്കു ദോഷകരമല്ലെങ്കിൽ നിശ്ചയമായും അവരുടെ ആഗ്രഹം സാധിക്കും; മാർ യൌസേപ്പിനു മുമ്പിലത്തെപ്പോലെയുള്ള ശക്തി ഇന്നും ഉണ്ടു്.

കെ. ഈ. ചാക്കോ ബി. ഏ.

## വിശുദ്ധമായ ചില പുരാതനപ്രതിമകൾ

മൈലാപ്പൂരിൽ വി. തോമ്മാക്കുന്നിലെ (St. Thomas Mount) ദേവാലയത്തിൽ പലകയിൽ എഴുതിയ ഒരു പഴയ ഛായാപടം സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. ഇതു ദൈവജനനി ഉണ്ണി ഈശോയെ കയ്യിൽ പിടിച്ചിരിക്കുന്ന ഭാവനയിലാണു് എഴുതപ്പെട്ടിരിക്കുന്നതു. വി. ലൂക്കാ ഏവൻഗേലിസ്താ എഴുതിയ ദൈവജനനിയുടെ ഏഴു ഛായാപടങ്ങളിൽ ഒന്നാണിതെന്നും ഇതു വി. തോമ്മാശ്ലീഹാ ഇവിടെ കൊണ്ടുവന്നതാണെന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു. ഇതിനെപ്പററി ചുരുങ്ങിയ ഒരു വിവരണം മിസ്റ്റർ ഡിക്രൂസ് അവർകൾ പ്രസിദ്ധീകരിച്ച ‘സെൻറു തോമ്മാസ് അപ്പൊസ്തലൻ’ എന്ന ഗ്രന്ഥത്തിൽ ൬൭-ാംപുറത്തു കൊടുത്തിട്ടുണ്ടു. ഈ ഛായാപടത്തിൻെറ ശരിയായ പകപ്പു പ്രതികൾ നമ്മുടെ ചില പഴയ പള്ളികളിൽ സൂക്ഷിക്കപ്പെടുകയും പൂജ്യമായി വണങ്ങപ്പെട്ടുവരുകയും ചെയ്യുന്നുണ്ടു്. റവ. ഫാദർ ഹേറാസ്റ്റൻ എസ്സ് ജെ, അവർകൾ ഈയിടെ കുറവിലങ്ങാട്ടു പള്ളി സന്ദർശിച്ച അവസരത്തിൽ ഇതിലൊന്നു അവിടെ സൂക്ഷിക്കപ്പെട്ടിരിക്കുന്നതിനെക്കണ്ടു് വിസ്മയിച്ചു് ഇതിൻെറ ഒരു ഫോട്ടോ എടുക്കുകയുണ്ടായി. ദൈവമാതാവിൻെറനേക്കു കേരളത്തിലെക്രിസ്ത്യാനികൾക്കുള്ളഭക്തി എത്രയും പുരാതനമായ ഒന്നാണെന്നും മൈലാപ്പൂരിലെ വി. തോമ്മാശ്ലീഹായുടെ ശ്മശാനസ്ഥലത്തോടു അവർക്കുള്ള ബന്ധവും ഏററവും പൂർവികമായതാണെന്നും ഇതു വിളിച്ചറിയിക്കുന്നു.

ഇതുപോലെ തന്നെ ഫാദർ ഹേറാസ്റ്റൻ അവർകൾ മുട്ടത്തുപള്ളിയിൽ ചെന്നപ്പോൾ അവിടെ പേഷ്യൻ തൊപ്പിയോടുകൂടിയ ഒരു വിശുദ്ധൻെറ കൊത്തുരൂപം കാണുകയും അതിൻെറ ഒരുഫോട്ടോയും അദ്ദേഹം എടുക്കുകയും ഉണ്ടായി. ഈ രൂപം വി. ഹൊർമ്മീസ്ദാ (അഥവാ ഉർമ്മീസ)യുടെതായിരിക്കണം. ആരുടെതാണെന്നു് അവിടെ പ്രസ്താവിക്കപ്പെട്ടിട്ടില്ല. വി. ഉർമ്മീസിൻെറനേക്കു വലിയ ഭക്തി കേരളീയ ക്രസ്ത്യാനികളുടെ ഇടയി

ൽ പണ്ടേ ഉണ്ടായിരുന്നു. ഇദ്ദേഹത്തെക്കുറിച്ചു ഉയിപ്പുകഴിഞ്ഞ് ഒന്നും, കന്നിമാസത്തിൽ ഒന്നും ഇങ്ങനെആണ്ടിൽ രണ്ടു തിരുനാളുകൾ ഇവിടെ ഘോഷിച്ചുവന്നിരുന്നതാണ്. വി. ഹൊർമ്മീസ്ദാ ഏഴാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു വലിയ താപസ്സനും കീൎത്തിപെട്ട സന്യാസ ശ്രേഷ്ഠനും ആയിരുന്നു. ഈ വിശുദ്ധന്റെ നാമത്തിൽ ഒരു സന്യാസ സഭ കൽദായക്കാരുടെ ഇടയിൽ ഉണ്ടു. അവൎക്ക് ൧൬–ാമത്തെ ഗ്രീഗോരിയോസ് മാപ്പാപ്പാ സന്യാസക്രമങ്ങൾ നിശ്ചയിച്ചു കൊടുത്തിട്ടുണ്ടു. ഉദയംപേരൂർ സൂനഹദോസ് മുതല്ക്കാണ് വി. ഹൊർമ്മീസിന്റെ നേൎക്കുള്ള ഭക്തിവണക്കങ്ങൾ മലങ്കരസഭയിൽ നശിച്ചുപോയതു. കത്തോലിക്കാപള്ളിയും റോമ്മാ മാർപ്പാപ്പാമാരും പരിശുദ്ധനായി ഗണിച്ചുപോരുന്ന ഈ ദേഹം പതിതനാണെന്നും മററും ഭയങ്കരവിധി പ്രസ്താവിച്ചിട്ടുള്ള ഉദയംപേരൂർ സൂനഹദോസിന്റെ കാരണകൎത്താക്കൾ കാട്ടിക്കൂട്ടിയ അബദ്ധങ്ങളും അവരുടെ അറിവില്ലായ്മയും എത്രത്തോളം ചെന്നെത്തുന്നെന്ന് വ്യസനസഹിതം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഹൊർമ്മീസ് എന്ന ഈ വിശുദ്ധന്റെ നാമം ധരിച്ചിട്ടുള്ള പുരുഷം ചിലരെങ്കിലും ഇപ്പോഴും നമ്മുടെനാട്ടിൽ ഉള്ളതു എല്ലാവൎക്കും അറിവുള്ളതാണല്ലൊ.

മേൽചെയ്ത പ്രസ്താവനകളിൽനിന്നു കൊത്തുരൂപങ്ങളും ഛായാപടങ്ങളും **പരിശുദ്ധന്മാരോടുള്ള വണക്കവും** ഉദയംപേരൂർ സൂനഹദോസിനു മുമ്പ് മലങ്കരസഭയിൽഉണ്ടായിരുന്നില്ലെന്നും അതൊക്കയും പോൎത്തുഗീസ്കാർ കൊണ്ടുവന്നതാണെന്നും ചില വിദ്വാന്മാർ ഇക്കാലത്തും ശങ്കയില്ലാതെ ജല്പിക്കുന്നതു എത്ര അസംബന്ധവും അറിവില്ലായ്മയും തുനിവും ആണെന്നു പറയേണ്ടതില്ലല്ലോ.

ഫാദർ ബെൎന്നാർഡ്. സി. ഡി.

# ക്രൂശാരോഹണ രൂപം.

'തൂങ്ങപ്പെട്ട'രൂപം എന്നു സാധാരണ പറയപ്പെടുന്ന ക്രീസ്തുവിന്റെ ക്രൂശാരോഹണരൂപം (Crucifix) സംബന്ധിച്ച ചില വിവരങ്ങൾ അറിയുന്നതു് വായനക്കാൎക്കു രസാവഹമായിരിക്കുമല്ലൊ. പണ്ടുണ്ടായിരുന്ന ക്രൂശാരോഹണരൂപങ്ങൾ നാം ഇപ്പോൾ കാണുന്ന സമ്പ്രദായത്തിലൊന്നുമായിരുന്നില്ല. ഏററവും പുരാതനങ്ങളായ കുരിശുകളിന്മേൽ ക്രീസ്തുവിന്നുപകരം ഒരു ചെമ്മരിയാട്ടിൻകുട്ടിയാണു കാണപ്പെട്ടുന്നതു്. ഇത്തരം ക്രൂശാരോഹണരൂപത്തിന്റെ ഒരൊന്നാന്തരം മാതൃക വത്തിക്കാനിലുണ്ടു്. രണ്ടാംഗ്രെഗോരി മാപ്പാപ്പാക്കു ജസ്റ്റീൻ ചക്രവൎത്തി കൊടുത്തതാണതു്. മേല്പറഞ്ഞ സമ്പ്രദായത്തിലുള്ള കുരിശുരൂപങ്ങൾ നടപ്പിലിരിക്കെ, 680–ൽ നടന്ന ആറാമത്തെ സാൎവ്വത്രിക സൂനഹദോസിലും, 692–ൽ കോൺസ്റ്റൻറിനോപ്പിളിൽ കൂടിയ സൂനഹദോസിലും കുരിശുരൂപം സംബന്ധിച്ച് ഒരു നിശ്ചയം ചെയ്യപ്പെട്ടുകയുണ്ടായി. കുരിശുകളിന്മേൽ ചെമ്മരിയാട്ടിൻകുട്ടിക്കു പകരം, ക്രിസ്തുവിന്റെ മാനുഷികാകൃതി തന്നെ പ്രതിഷ്ഠിക്കണമെന്നായിരുന്നു അതിന്റെ താല്പൎയ്യം. പ്രസ്തുത നിശ്ചയമനുസരിച്ച് ഉണ്ടാക്കപ്പെട്ട ക്രൂശാരോഹണരൂപവും ഇപ്പോൾ നടപ്പിലിരിക്കുന്നതിൽ നിന്ന് ഭിന്നമായിരുന്നു. ക്രീസ്തു മരിച്ചുകിടക്കുന്നതായിട്ടാണല്ലോ ഇപ്പോഴുള്ള കുരിശുരൂപങ്ങളിൽ സാധാരണ കാണപ്പെട്ടുന്നതു. എന്നാൽ ആദ്യം ഉണ്ടാക്കപ്പെട്ടതു ക്രീസ്തു കുരിശിനോടുചേൎന്നുനിന്നു പ്രതാപപൂൎവ്വം വാഴുന്ന സമ്പ്രദായത്തിലായിരുന്നു. അവിടുന്നു, കിരീടവും, പാ

ദംവരെ എത്തുന്ന ഒരങ്കിയും ധരിക്കുകയും’ കരങ്ങൾ നീട്ടിപ്പിടിക്കുകയും ചെയ്തിരുന്നതായിട്ടാണു ആ പ്രതിമകളിൽ കാണുന്നതു. ചാർട്രസ്സ്, ആമ്മിയൻസ് എന്നിവിടങ്ങളിലെ ഭദ്രാസനപ്പള്ളികളിലുംമററും ഇത്തരം ക്രൂശാരോഹണരൂപങ്ങൾ ഇപ്പോഴും സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. സജീവമായ ഭാവത്തിലുള്ള ഇത്തരം കുരിശുരൂപങ്ങളിൽ പെട്ടതാണു ലൂക്കായിലെ പ്രസിദ്ധമായ ക്രൂശാരോഹണ രൂപം. ആ പ്രതിമയിൽ ക്രീസ്തു രാജകീയ വസ്ത്രം ധരിച്ചു നില്ക്കുന്നതായും, അങ്ങെ കിരീടം രത്നഖചിതമായുംകാണപ്പെടുന്നു. പതിനൊന്നാംശതാബ്ദംവരെ ഇപ്പോൾ നാം കാണുന്നതരത്തിലുള്ള ക്രൂശാരോഹണരൂപങ്ങൾ ഉണ്ടായിരുന്നില്ലെന്നാണു അറിയുന്നതു.

‘സ. നാദം’

# തിരുസഭയുടെ പൊതുസൂനഹദോസുകൾ.

## XV.

### വീയെന്നിലെ സൂനഹദോസ്.

ക്രിസ്ത്വാബ്ദം 1311ലും 1312 ലുമായി മാർപ്പാപ്പയായ ക്ലേമൻറു പഞ്ചമൻെറയും ഹെൻറിസപ്തമൻ ചക്രവത്തിയുടെയും ഭരണകാലത്തു ഫ്രാൻസിലുള്ള വീയെൻ പട്ടണത്തിൽ ഈസൂനഹദോസു സമ്മേളിച്ചു റോമിൽനിന്നും വാസം മാററി ഫ്രാൻസിലുള്ള അവിഞ്ഞോൻ നഗരത്തിൽ വാസമുറപ്പിച്ചുകൊണ്ടു തിരുസ്സഭയെ ഭരിച്ച ഏഴു മാർപ്പാപ്പാമാരിൽ പ്രഥമനായ ക്ലേമൻറ് പഞ്ചമൻ ഇതിൽ അദ്ധ്യക്ഷം വഹിച്ചു. അലക്സാന്ത്രിയായിലെയും, അന്ത്യോക്യായിലെയും പാത്രിയക്കീസന്മാരും, 300 (ചിലരുടെ കണക്കനുസരിച്ചു 114) മെത്രാന്മാരും വിശിഷ്യാ ഫ്രാൻസിലെ ഫിലിപ്പ് ചതുത്ഥൻ, ഇംഗ്ലണ്ടിലെ എഡ്വേർഡ് ദ്വതീയൻ, അരഗോനിലെ ജേംസു് ദ്വതീയൻ എന്നീ നൃപന്മാരും ഇതിൽ സന്നിഹിതരായിരുന്നു.

തിരുസംഘത്തിൽ നൈററ്സ് ടെംപ്ലർസ് (Knights Templars) ഫ്രത്തിശെല്ലി (fraticelli), ബേഗാഡ്സ്സ്, (Beghards,) ബേഗ്വയിൻസ് (Beguines) എന്നീസന്ന്യാസസംഘക്കാരുടെ പേരിലുണ്ടായിരുന്ന ചില കുററാരോപണങ്ങളെക്കുറിച്ച് വിസ്തരിച്ചു വിധിത്തീർപ്പ് ചെയ്കയും, നൈററ്സ് ടെംപ്ലാർസ് എന്ന സന്ന്യാസസഭയെ നിത്തലാക്കുകയും, വൈദികരുടെ ജീവിത ഗുണീകരണത്തെയുദ്ദേശിച്ചും സഭയുടെ സ്വാതന്ത്ര്യത്തെ ആദരിച്ചുമുള്ള പലനിയമങ്ങൾ പാസാക്കുകയും, ഒരു പുതിയ കുരിശുയുദ്ധത്തിനുവേണ്ടി ചില ഏർപ്പാടുകൾ ചെയ്കയും ചെയ്തു.

## XVI.

### കോൺസ്റ്റാൻസിലെ സൂനഹദോസ്.

1414 മുതൽ 1418 വരെ നാലു കൊല്ലങ്ങളിലായി 23 ാം യോഹന്നാൻ 5-ാം മർത്തീനോസ് എന്ന മാർപ്പാപ്പമാരുടെയും, സിജിസ്മുൻഡസ് എന്ന റോമാ ചക്രവത്തിയുടെയും ഭരണകാലത്തു അന്നത്തെ ജമ്മൻസാമ്രാജ്യാതിർത്തിയിലിരുന്ന കോൺസ്റ്റാൻസ് നഗരത്തിൽ ഈ സൂനഹദോസു സമ്മേളിച്ചു. ആദ്യം യോഹന്നാൻമാർപ്പാപ്പായും പിന്നീടു മർത്തീനോസ് മാർപ്പാപ്പായുമാണ് അദ്ധ്യക്ഷം വഹിച്ചതു്. 29കർദ്ദിനാളന്മാരും, 3 പാത്രിയക്കീസന്മാരും, 33 മെത്രാപ്പോലിത്തന്മാരും, 150 മെത്രാന്മാരും, 100 സന്ന്യാസശ്രേഷ്ഠാധിപന്മാരും 350-ൽ പരം മററു വൈദികവര്യന്മാരും, വിശിഷ്യാ യൌനായ ചക്രവത്തിയും, പല യൂറോപ്യൻ രാജ്യങ്ങളിലെ രാജാക്കന്മാരും മററു പലരു

കളിലെ രാജപ്രതിനിധികളും ഈ സംഘത്തിൽ സംബന്ധിച്ചു.

തിരുസഭയ്ക്കു നേരിട്ടിട്ടുള്ള അനത്ഥങ്ങളിൽ ഏററവും പ്രധാനപ്പെട്ടതെന്നു പറയപ്പെടാവുന്ന വലിയ പാശ്ചാത്യശീസ്മയ്ക്കു (The Great Western schism) ഒരു പയ്യവസാനം വരുത്തണമെന്നുള്ളതായിരുന്നു ഈ സൂനഹദോത്തിൻെറ മുഖ്യോദ്ദേശ്യം. തദനുസരണം ഈ സംഘത്തിൽവച്ചു്, അന്നു പാപ്പായെന്ന നാമത്തോടെ സഭയിൽ ഭരണം നടത്തിയിരുന്ന മൂന്നുപേരിൽ 13-ാം ഗ്രീഗോറിയോസും, 23-ാം യോഹന്നാനും സ്വമനസ്സാലെ സ്ഥാനത്യാഗം ചെയ്യുകയും, 13-ാം ബെനദിക്തോസ് എന്ന മൂന്നാമത്തെയാൾ യഥാത്ഥ സ്ഥാനാവകാശിയാണോ എന്നു് നിശ്ചയമില്ലാതിരുന്നതിനാൽ അദ്ദേഹത്തിൻെറ 'അവകാശം' അവഗണിക്കപ്പെടുകയുമാണുണ്ടായതു്. തന്നിമിത്തം ഒഴിവായി വന്ന പാപ്പാസ്ഥാനത്തേക്കു ഒരു പുതിയ ആൾ തെരിഞ്ഞെടുക്കപ്പെട്ടു. മത്തീനോസ് പഞ്ചമൻ എന്ന നാമത്തോടെ തിരുസ്സഭയെ ഭരിച്ച ഈ ദേഹത്തിൻെറ തെരിഞ്ഞെടുപ്പോടുകൂടെ 40 കൊല്ലത്തോളം ദീഘിച്ച പാശ്ചാത്യ ശീസ്മ അവസാനിച്ചു.

കൂടാതെയും, വി. കുർബാനയിൽ ക്രീസ്തുവിൻെറ യഥാത്ഥ സാന്നിദ്ധ്യമുണ്ടെങ്കിലും വസ്തുഭേദം (Transubstantiation) ഉണ്ടാകുന്നില്ലെന്നും, വേദപുസ്തകത്തിന്നു സഭയേക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതാണെന്നും, പട്ടക്കാരോടുള്ള പാപോച്ചാരണം അനാവശ്യമാണെന്നും, നിത്യരക്ഷയ്ക്കായി മുൻ നിയമിക്കപ്പെട്ടിട്ടുള്ളവർ (Predestined) മാത്രമാണു് സഭാംഗങ്ങളെന്നും, വൈദികരുടെ അധികാരശക്തി അൽമേനികളാൽ നിയന്ത്രിക്കപ്പെടേണ്ടതാണെന്നും, ഇരുവിധത്തിലുമുള്ള വി. കുർബാനയുടെ സ്വീകരണം ഏവക്കും അത്യാവശ്യകമാണെന്നും പഠിപ്പിച്ചിരുന്ന ജോൺവിക്ലിഫിൻെയും (John Wycliff) ജോൺ ഹസ്സിൻേറയും (John Hus) അവരുടെ അനുഗാമികളുടെയും അബദ്ധോപദേശങ്ങളെ ഈ സൂനഹദോസിൽ ശപിക്കയുണ്ടായി.

ഈ തിരുസംഘത്തിൻെറ അവസാനത്തെ യോഗങ്ങളേയും മത്തീനോസ്മാപ്പാപ്പായാൽ പിന്നീടുഅംഗീകരിരിക്കപ്പെട്ട ആദ്യത്തെ ചില യോഗങ്ങളേയും സംബന്ധിച്ചുമാത്രമേ ഒരു സാവ്വത്രിക സൂനഹദോസിൻെറ നില ഈ സംഘത്തിനു കല്പിക്കപ്പെടുന്നുള്ളുവെന്നതു പ്രസ്താവ്യമാണു്.

ഫാദർ ഗ്രിഗോരി സി. ഡി.

## അപ്പൻെറ ആൽമാവു്.

### III.

ശ്രേഷ്ഠത്തിയുടെയും കുമ്പസാരക്കാരൻെറയും ആജ്ഞാനുസാരം നമ്മുടെ കന്യക തൻെറ പിതാവിനോടുള്ള സംഭാഷണത്തെ നവംനവങ്ങളായ സംഗതികളിലേയ്ക്കു തുടൻകൊണ്ടിരുന്നു.

മകൾ- അപ്പാ! ശുദ്ധീകരണസ്ഥലത്തിൽ ഉള്ള വേദന വേദസാക്ഷികൾ എല്ലാവരുംകൂടി അനുഭവിച്ച വേദകളേക്കാൾ കഠിനമെന്നു പറയുന്നതു വാസ്തവമാണോ?

അപ്പൻ- അതെ മകളേ! തീർച്ചയായും അതേ. രക്തസാക്ഷികൾ സകലരും അനുഭവിച്ച ഞെരുക്കങ്ങൾ ശുദ്ധീകരണസ്ഥലത്തിലേതിനോടു തുലനം ചെയ്യുന്നപക്ഷം അവ ഏതുമില്ലാത്തതുപോലെ ഇവ അത്ര ഭീമപ്രായമാകുന്നു.

മകൾ- കമ്മേല മാതാവിൻെറ സഭയിൽ ചേൻ തിരു ഉത്തരീയത്തെ ധരിച്ചുകൊണ്ടു ജീവിക്കുന്നവർ ബെസ്ലൂക്കാനായിൽ അകപ്പെട്ടാൽ, ഇങ്ങനെ

യുള്ളവർക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നപ്രകാരം അവർ അവരുടെ മരണാനന്തരമുള്ള ആദ്യശനിയാഴ്ച അവിടെനിന്നും രക്ഷിക്കപ്പെടുമോ?

അപ്പൻ— ഉവ്വ് ആ സഭയുടെ നിയമങ്ങളെ വിശ്വസ്തതയോടെ നിറവേററിയിട്ടുള്ളവർ പ്രസ്തുത ദിവസത്തിൽതന്നെ വിമോചിക്കപ്പെട്ടുവരുന്നുണ്ട്.

മകൾ— ആകട്ടെ, ഒരമ്പതു കൊല്ലം തികച്ചു ഈ പാറാവിൽ കിടക്കുന്നവരുണ്ടാകുമോ?

അപ്പൻ— പ്രിയമകളേ! ഉണ്ടു്. എന്നു മാത്രവുമല്ല ലോകാവസാനംവരെ അവിടത്തെ തീയാൽ സംസ്കരിക്കപ്പെടുന്നതിനു വിധിക്കപ്പെട്ടിരിക്കുന്നവരുടെ സംഖ്യയും തുച്ഛമല്ല. ഇവരാകുന്ന അധികം കുററക്കാരും ഉപേക്ഷിക്കപ്പെട്ടവരും.

ഡിസംബർ മൂന്നാംതീയതി ഈ അപ്പന്റെ ആത്മാവ് വീണ്ടും തന്റെ മകൾക്കു പ്രത്യക്ഷമായി. തത്സമയം താഴെപ്പറയുന്ന ചോദ്യങ്ങൾ അവൾ തന്റെ പിതാവിനോടു ചോദിച്ചു.

മകൾ— പിതാവേ! ഫ്രാൻസ് അവളുടെ ശോചനീയമായ വിനാശത്തിൽനിന്നും ഇനി ഉണരുമോ?

അപ്പൻ— ഫ്രാൻസ് ദുർവിനീതയായെങ്കിലും അവൾ കുററക്കാരിതന്നെയായിട്ടാണിരിക്കുന്നതു്. ഇപ്പോൾ അധഃപതിച്ചിരിക്കുന്ന വിനാശത്തിൽ നിന്നും എഴുന്നേല്ക്കണമെങ്കിൽ തീർച്ചയായും സാക്ഷാലുള്ള ക്രൈസ്തവജീവിതത്തെ അവൾ അനുകരിക്കുകതന്നെ വേണം. ഞായറാഴ്ചയുടെ ലംഘനത്താലും, ദൈവദൂഷണത്താലും, മററനേക ഭയങ്കരപാപങ്ങളാലും ഫ്രാൻസിലെ വായുമണ്ഡലം ദുർഗ്ഗന്ധപൂരമായും ദൈവകോപത്താൽ പ്രജ്വലിതമായും തീർന്നിരിക്കുന്നു. ഇങ്ങിനെ ദൈവദാനങ്ങളുടെ പ്രവാഹത്തെ തടഞ്ഞിരിക്കുന്ന ഫ്രാൻസ് രാജ്യം എന്നു് സുകൃതാഭ്യാസത്തിന്റെ സൌരഭ്യത്താൽ പരിപുഷ്ടമാകുന്നുവോ അന്നുമാത്രമെ ഫ്രാൻസ് ഇപ്പോഴത്തെ നാശത്തിൽ നിന്നും ഉണരുകയുള്ളൂ. എന്നാൽ ഈ സമയം എന്നാണെന്നു വെളിപ്പെടുത്തുവാൻ എനിക്ക് അനുവാദമില്ല.

അനന്തരം പിറവിത്തിരുനാൾ വരെ മകൾക്കു ദർശനമൊന്നും ഉണ്ടായില്ല. പ്രസ്തുത തിരുനാളിന്റെ തലേ രാത്രി നമ്മുടെ സഹോദരി അതികഠിനമായ ഏതോ രോഗത്താൽ രോധിക്കപ്പെട്ട് കിടക്കയിൽനിന്ന് എഴുന്നേല്ക്കാൻപോലും പാടില്ലാത്ത വിധത്തിൽ അവശതയിലായിത്തീർന്നു. എങ്കിലും വളരെ കഷ്ടപ്പെട്ട് ഒരു വിധത്തിൽ അന്നത്തെ പാതിരാത്രിക്കുർബ്ബാനയിൽ ഏതോ പ്രത്യേക ശക്തിയാൽ പ്രേരിതയായി അവളും സംബന്ധിച്ചു. തനിക്കു ലഭിച്ച സർവ്വസൌഭാഗ്യഭൂയിഷ്ഠമായ നിത്യമോചനത്തെ തന്റെ മകളോടറിയിക്കുന്നതിനായി ആ രാത്രിയിൽ അവിടെ വന്നിരുന്ന അവളുടെ പിതാവാണ് ഈ സഹോദരിയുടെ രോഗത്തിന്റെയും, കുർബ്ബാനയിൽ സംബന്ധിക്കുവാനുണ്ടായ ഭാഗ്യത്തിന്റെയും ഹേതുവെന്നു പ്രത്യക്ഷമായി. ദിവ്യപൂജയുടെ പാതികാലസമയത്തു തിരുശരീരം ഉയർത്തിയ നേരം നമ്മുടെ കന്യകയ്ക്കു എത്രയോ ആശ്വാസപ്രദമായിരുന്നു. അന്നുവരെ അഗ്നിയിൽ ലയിച്ചുപരമദുഃഖാവസ്ഥയിൽ കാണപ്പെട്ട തന്റെ പിതാവ് സൂര്യനെ വെല്ലുന്ന ശോഭയോടും, പ്രസന്നഗംഭീരമായ മുഖത്തോടും, പ്രശാന്ത സൌമ്യ ശീതള കിരണങ്ങൾ വീശിക്കൊണ്ടും, വാത്സല്യോപകാരസ്മരണാസമ്മിശ്രമായുള്ള കടാക്ഷവീക്ഷണത്തോടും, തങ്ങളോടുകൂടി സർവ്വേശ്വരനെ സ്തുതിച്ചു പരമാനന്ദം അനുഭവിക്കുവാൻ ഒരു കൂട്ടുകാരനെ കൂടെ ലഭിച്ചതിനാൽ ഉണ്ടായ പ്രമോദ കോലാഹലത്തെ കർണ്ണപീയൂഷമായ കാഹളധ്വനിയാൽ രേഖപ്പെടുത്തുന്ന വാനാരൂപികളാൽ ചുററപ്പെട്ടവനായും, തന്റെ മുമ്പിൽ അപ്പോൾ ആവിർഭൂതനായപ്പോൾ ആ കന്യകയ്ക്കുണ്ടായ ചേതോവികാരങ്ങൾ ഏതുവിധമെന്നു പറയുക അസാദ്ധ്യംതന്നെ. ആ മനോഹര രൂപന്റെ അധരപുടങ്ങളിൽനിന്നും തന്റെ മകളുടെ ശ്രോത്രേന്ദ്രിയങ്ങളിലേക്കു പൊ

ഴിയുന്ന വാക്കുകൾ എന്താണെന്നു ശ്രദ്ധിക്കുക.

"അനുഗ്രഹീതയായ വാത്സല്യസന്താനമേ! എൻെറ പ്രായശ്ചിത്തകടങ്ങളെല്ലാം പരിഹരിക്കപ്പെട്ടു കഴിഞ്ഞു. നിനക്കും, എനിക്കുവേണ്ടി നിന്നോടുകൂടി പ്രാർത്ഥിച്ച നിൻെറ സഹോദരികൾ ഏവക്കും ഉപകാരസ്മരണാസ്തുതി ചൊല്ലുന്നതിനായിട്ടാണു ഞാനിപ്പോൾ വന്നിരിക്കുന്നതു്. പ്രതിഫലമായി നിങ്ങൾക്കുവേണ്ടി സ്വർഗ്ഗരാജ്യത്തിൽ ഞാനും പ്രാർത്ഥിക്കുന്നതാണു്".

സ്വപിതാവിൻെറ മഹത്വത്തെ സൂക്ഷിച്ചു ആനന്ദാബ്ധിയിൽ നീന്തിത്തുടിച്ചുകൊണ്ടു് ആ സഹോദരി, തൻെറ സുഖക്കേടു ഭേദമാകുന്നതിനും, സഭാനിയമങ്ങളെ ശരിയായി നിവ്വഹിക്കുന്നതിനാവശ്യമുള്ള ദേഹസുഖം ലഭിക്കുന്നതിനുംവേണ്ടി ദൈവത്തോടു പ്രാർത്ഥിപ്പാൻ തൻെറ പിതാവിനോടപേക്ഷിച്ചപ്പോൾ ആ ദേഹം പറഞ്ഞതായതു.

"എൻെറ കുഞ്ഞേ! ദൈവചിത്തത്തിനു വിധേയമനസ്സോടെ ജീവിക്കുന്നതിനുള്ള വരത്തെത്തരുന്നതിനും, ശുദ്ധീകരണസ്ഥലത്തിൽ പ്രവേശിക്കാതെ നേരെ മോക്ഷകരയിൽ ചെന്നെത്തുന്നതിനുംഉള്ള മനോഗുണം നിനക്കു തരുന്നതിനായി ഞാൻ ദൈവത്തോടപേക്ഷിക്കാം"

മഹാ പ്രകാശത്താൽ തൻെറ പുത്രിക്കു തിരിച്ചറിയുന്നതിനുപോലും അശക്യമായിരുന്ന ഈ അപ്പൻെറ ആത്മാവു് ഈ അവസാനദശനത്തിൽ തൻെറ പുത്രിയെ ഇപ്രകാരമുള്ള സാന്ത്വനവാക്കുകളാൽ സമാശ്വസിപ്പിച്ചുകൊണ്ടും, 'ഹല്ലേലുയ്യാ' സ്തുതിസ്തോത്രങ്ങൾ ദൈവദൂതന്മാരോടുകൂടി പാടിക്കൊണ്ടും സ്വർഗ്ഗീയ പറുദീസായിലേക്കു പ്രവേശിച്ചു.

പി. ഉലഹന്നൻമാപ്പിള.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്.

ഡോമ്നിക്കു സാവ്യോ (തുടർച്ച)

### 7. ഒരു പ്രസംഗം.

പ്രിയ കുഞ്ഞുങ്ങളേ,

ഡൊമ്നിക്കു സാവ്യോ ഡൊൺ ബോസ്കോ അച്ചനോടുകൂടെ ടൂറീനിൽ എത്തിയിട്ടു ഇപ്പോൾ ആറുമാസം കഴിഞ്ഞിരിക്കുന്നു. അപ്പോൾ അവരുടെ പ്രാർത്ഥനാലയത്തിൽ ഒരു പ്രസംഗം ഉണ്ടായി. മൂന്നു കാൎയ്യങ്ങളാണു് ആ പ്രസംഗകത്താവു പ്രധാനമായി പറഞ്ഞുകേൾപ്പിച്ചതു്. ഒന്നാമതു്, നാമെല്ലാവരും പുണ്യപൂൎണ്ണത പ്രാപിക്കണമെന്നു ദൈവം തിരുമനസ്സായിരിക്കുന്നു. രണ്ടാമതു്, പുണ്യപൂൎണ്ണത പ്രാപിക്കുന്നതു അത്ര അസാദ്ധ്യമായ ഒരു കാൎയ്യമല്ല. മൂന്നാമതു, ഇങ്ങനെ പുണ്യപൂൎണ്ണരാകുന്നവൎക്കു വലിയ ഒരു സമ്മാനം ദൈവം തയ്യാറാക്കിയിട്ടുണ്ടു്. ഈ പ്രസംഗം കേട്ടതിൽപ്പിന്നെ ഡോമിനിയിൽ പ്രത്യേകമായ ഒരു മാററം നേരിട്ടതായി എല്ലാവരും കാണുകയുണ്ടായി; ഡൊൺ ബോസ്കോഅച്ചനും അതു പ്രത്യേകം സൂക്ഷിച്ചു. പതിവിലെന്യേ മൌനമായിട്ടും ഏകാന്തതയിലും നമ്മുടെ ബാലൻ ദിവസങ്ങൾ കഴിച്ചുകൂട്ടിവരുന്നതു കണ്ടപ്പോൾ "എന്താ വല്ലതും സുഖക്കേടാണോ?" എന്നു ബോസ്കോ അച്ചൻകുട്ടിയോടുചോദിച്ചു.

ഡോ. സാവ്യോ:— എനിക്കു സുഖക്കേടൊന്നും പറയാനില്ല, വല്ലതുമുണ്ടെങ്കിൽ അതു ഗുണത്തിനുള്ള ഒരു സുഖക്കേടേയുള്ളു. അന്നത്തെ ആ പ്രസംഗം കേട്ടതിൽപ്പിന്നെ പുണ്യവാളനാകണമെന്നുള്ള ശക്തിയായ ആഗ്രഹം എന്നിൽ കടന്നുകൂടിയിരിക്കയാ

ണു. ഞാൻ വിചാരിച്ചിരുന്നതിൽ എളുപ്പമായിട്ടു അതു സാധിക്കാമെന്നു ഇപ്പോൾ എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. അതുകയാൽ ഞാൻ അതിനു എന്തൊക്കെയാണു ചെയ്യേണ്ടതെന്നു അച്ചൻ എനിക്കു പറഞ്ഞുതരണം.

ഡോൺബോസ്കോ അച്ചനു ഇതു കേട്ടപ്പോൾ എത്ര സന്തോഷം തോന്നിയിരിക്കുമെന്നു പറയാതെ അറിയാമല്ലൊ, എന്നാൽ സന്താപനിമഗ്നനായി മൌനം ദീക്ഷിച്ചിരുന്നുകൊണ്ടല്ല ഈ ഉദ്ദേശം സാധിക്കേണ്ടതെന്നും, എപ്പോഴും നല്ലസന്തോഷമായിരിക്കണമെന്നും, പ്രതിദിനകൃത്യങ്ങളേയെല്ലാംഅത്യന്തസൂക്ഷത്തോടെനിറവേററണമെന്നും മററുമുള്ള സാരോപദേശങ്ങൾ കൊടുത്തു അദ്ദേഹംകുട്ടിയേ ഉത്സാഹിപ്പിച്ചു. അനന്തരം ഒരിക്കൽ കുട്ടികളെല്ലാവരും കൂടി അവരുടെ പേരുകളുടെസാരാൎത്ഥത്തെപ്പററിസംസാരിച്ചിരിക്കയിൽ ഡോമ്നിക്ക് എന്ന പദത്തിനു അൎത്ഥമെന്താണെന്നു സാവ്യോ ചോദിച്ചു. 'കൎത്താവിനുള്ളവൻ' എന്നാണെന്നു കുട്ടികളിൽ ആരോ ഒരുവൻ ഉത്തരിച്ചു. തൽക്ഷണം ഡൊമ്മിനി പറഞ്ഞതായതു "ഞാൻ പുണ്യവാളനാകേണ്ടതാണെന്നു പറഞ്ഞതു എത്രന്യായമാണെന്നു നോക്കുക. എന്റെ പേരുതന്നേ ഞാൻ കൎത്താവിനുള്ളവനാണെന്നു പറയുന്നു. അതുകയാൽ ഇനിഇടവിടാതെ ഞാൻ പുണ്യവാളനാകുന്നതിനു ശ്രമിക്കതന്നേ ചെയ്യും" അതിൻപ്രകാരം ആ കുട്ടിശ്രമിച്ചു; ഇതാ അപ്രകാരംആയിത്തീരുകയും ചെയ്തിരിക്കുന്നു.

പ്രിയ കുട്ടികളേ! ഒരു പ്രസംഗം കേട്ടതിന്റെഫലം എത്രശക്തിയായിനമ്മുടെഡോമ്നിയിൽപ്രവൃത്തിച്ചു എന്നു നോക്കുക ദൈവവചനം മനുഷ്യഹൃദയങ്ങളിൽ എന്തെല്ലാം അത്ഭുതങ്ങളാണു പ്രവൃത്തിക്കുന്നതു. ഹാ! കഷ്ടം! എന്നാൽ എത്രയോ ആളുകൾ അതിനേ നഷ്ടപ്പെടുത്തിക്കളയുന്നു. വേദോപദേശത്തിനും, പ്രസംഗത്തിനും ജാഗ്രതയായിക്കൂടുന്ന നല്ലകുട്ടികളാണോ നിങ്ങൾ എന്നു വിശ്വസ്തതയോടെ പരിശോധിച്ചുനോക്കുക. അമാന്തക്കാരാണെങ്കിൽ മേലിൽ സൂക്ഷിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്യുക.

ഇതാ വലിയ ആഴ്ചസമീപിച്ചിരിക്കുന്നു. അതു് ഭക്തിയായി കഴിച്ചുകൂട്ടുന്നതിനു് എല്ലാവരും പ്രത്യേകം ശ്രമിക്കണം. "പരിശുദ്ധ വ്യാകുലദേവമാതാവേ എന്റെ അമ്മേ! നിന്റെ തിരുകുമാരന്റെ പങ്കപ്പാടും കുരിശുമരണവും എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമെ" എന്നു കൂടക്കൂടെ ചൊല്ലുക. എല്ലാവൎക്കും ഉയിപ്പുതിരുനാളിന്റെ മംഗളം ആശംസിച്ചുകൊള്ളുന്നു.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## തിരുഹൃദയഭക്തന്മാർ ൧൧൦൦ മേടമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### രാജ്യാധികാരികൾ.

മനുഷ്യൻ സ്വാഭാവികമായി ഒരു സാമുദായിക സൃഷ്ടിയാണല്ലൊ. അവന്റെ സ്വഭാവത്തിൽ പ്രബലപ്പെട്ടുകാണുന്ന ഈ വിശേഷഗുണം അവന്റെ ഊ സ്വഭാവത്തിന്റെ- അതായതു അവന്റെ- സ്രഷ്ടാവിനാൽത്തന്നേ നിയമിക്കപ്പെട്ടതായിരിക്കാനല്ലാതെ തരമില്ല. അതിനാൽ ഇപ്രകാരം മനുഷ്യനു സാമുദായിക ജീവിതത്തെ നിശ്ചയിച്ചുകൊടുത്തിരിക്കുന്ന സൃഷ്ടികൎത്താവു അതിലേക്കു ഒഴിച്ചുകൂടാത്തതായുള്ള ഉപകരണങ്ങളേയും നിയമിച്ചുകൊടു

ത്തിട്ടുണ്ടായിരിക്കണമെന്നുള്ളതു നിർവിവാദമാണ്. എന്നാൽ സമുദായത്തിന്റെ നിലനില്പിലേക്കു വ്യവസ്ഥാപിതമായ ഒരു അധികാരം അത്യന്താപേക്ഷിതമാണല്ലോ. ആകയാൽ സാമുദായികമായ അധികാരങ്ങളും ഭരണക്രമങ്ങളും ദൈവത്താൽ തന്നെ സ്ഥാപിതങ്ങളായിരിക്കുന്നു. എന്നു തന്നേയല്ല അവയുടെ അധികാരം ദൈവത്തിന്റെ സവ്വാധികാരത്തിന്റെ ഒരംശം തന്നെ ആയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ പ്രപഞ്ചമെല്ലാം ഭരിച്ചുനടത്തിക്കൊണ്ടു പോകേണ്ടതു പ്രഥമമായി സൃഷ്ടികർത്താവിന്റെ ചുമതലയാണ്. അദ്ദേഹത്തിനു പകരമായി ചുരുങ്ങിയ വിധത്തിലെങ്കിലും ആരെല്ലാം ഈ അധികാരം നിവ്വഹിക്കുന്നുവോ, അവക്കെല്ലാം ആ അധികാരം അദ്ദേഹത്തിൽ നിന്നു തന്നെ സിദ്ധിച്ചതാകുന്നു. സകല അധികാരങ്ങളും ദൈവത്തിൽനിന്നാണെന്നുള്ള തത്വം ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലോ.



എന്നാൽ ലോകത്തിലുള്ള എല്ലാവിധ അധികാരികളുടേയും അധികാരം പരിമിതമായിട്ടുള്ളതാകുന്നു. അവരവക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള അതിർത്തി വിട്ടുപോകാൻ അവക്കു സ്വാതന്ത്ര്യമില്ല. അതാതധികാരത്തിന്റെ ഉദ്ദേശസാദ്ധ്യത്തിനു ഉപകരിക്കുന്ന അവകാങ്ങൾമാത്രം പ്രസ്തുത അധികാരികൾക്കു ഉണ്ടായിരിക്കുന്നതും ഉണ്ടായിരിക്കേണ്ടതുമാകുന്നു. അതല്ലാത്ത പക്ഷം അതും നിർദ്ദേശിച്ചു കൊടുത്ത സൃഷ്ടികർത്താവു അതിനുള്ള മാഗ്ഗം ഉണ്ടാക്കികൊടുത്തില്ലെന്നു വരുന്നതാണല്ലോ.

ആകയാൽ രാജ്യാധികാരികൾക്കു അവരുടെ അധികാരത്തിൽപ്പെട്ട ജനങ്ങളുടെ ലൌകികമായ എല്ലാവിധ നന്മകളേയും അന്വേഷിച്ചുകൊടുക്കുന്നതിനുള്ള ചുമതലയും അതിനുവേണ്ട അവകാശങ്ങളും ഉണ്ടായിരിക്കുന്നു. ഇതിൽക്കവിഞ്ഞുപോകുമ്പോൾ, ഏതൊരു അധികാരകർത്താവിൽ നിന്നു അവർ അധികാരം പ്രാപിച്ചിരിക്കുന്നുവോ അദ്ദേഹത്തോടു ക്ഷന്തവ്യമല്ലാത്ത അക്രമം പ്രവൃത്തിക്കയാണു ചെയ്യുന്നതു്. ഇതിനാൽ സ്വഭാവപ്രമാണത്തിനോ ദൈവപ്രമാണത്തിനോ, തിരുസഭാ കല്പനകൾക്കോ വിരുദ്ധമായ യാതൊന്നും കല്പിക്കുന്നതിനു രാജ്യാധികാരികൾക്കു പാട്ടുള്ളതല്ല. ഉദ്യോഗങ്ങൾ ആദിയായവ വിഭജിക്കുന്നതിലും, നികുതിമുതലായവ നിശ്ചയിക്കുന്നതിലും ന്യായമായ അവകാശങ്ങളേയും യോഗ്യതായോഗ്യതകളേയുംനോക്കി ന്യായത്തെ മുൻനിറുത്തി പ്രവൃത്തിക്കേണ്ടതാകുന്നു. അധികാരം ദൈവത്തിൽ നിന്നുള്ളതാകയാൽ കീഴുള്ളവരുടെ ബഹുമാനത്തിനും അനുസരണക്കും അതു പാത്രീഭവിക്കുന്നതുപോലെതന്നേ ദൈവത്തിന്റെപക്കൽ കണക്കുകൊടുക്കുന്നതിനുള്ള ചുമതലക്കും അതുവിധേയമാകുന്നു. ഈവിധതത്വങ്ങളെല്ലാം ഭരണാധികാരികൾ വേണ്ടപോലെ മനസ്സിലാക്കി പ്രവൃത്തിക്കായ്കനിമിത്തം ലോകത്തിൽ നേരിടുന്ന കുഴപ്പങ്ങൾ എത്രമാത്രമെന്നു ഇക്കാലത്തു ആരോടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ആകയാൽ രാജ്യാധികാരികൾ ദൈവപേടിയോടും ന്യായബുദ്ധിയോടും കൂടി ഭരണം നടത്തുന്നതിനു വേണ്ട ബോധപ്രകാശനം അവർക്കു കിട്ടുന്നതിനുവേണ്ടി തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രാത്ഥിപ്പാറാകണം.

ഇടവമാസം— "മരിയസഖ്യങ്ങൾ".

# പുതിയ പ്രസിദ്ധീകരണങ്ങൾ.

## 1 അത്ഭുതങ്ങൾ.

കൊൺവേർഷൻ ലീഗ് പ്രസി
ദ്ധീകരണം, നമ്പർ 28.
പുത്തൻപള്ളി സെമ്മിനാരി വരാപ്പുഴ,
വില 1 അണ.

ദൈവപ്രകാശിതമായ സത്യമതത്തെ അന്യ മതങ്ങളിൽനിന്നു വിവേചിക്കുന്നതിനു പര്യാപ്തങ്ങളായ പല ലക്ഷ്യങ്ങളിൽ ഒന്നാണല്ലൊ സാക്ഷാലുള്ള അത്ഭുതങ്ങൾ. അത്ഭുതങ്ങൾ എന്താണെന്നും, അവ സംഭാവ്യങ്ങളാണോ എന്നും, ദൈവികമായ സത്യമതത്തിൽ അവ അവശ്യം പ്രകാശിച്ചു കാണേണ്ടതാണെന്നും മററും കൊൺവേർഷ്യൻ ലീഗുകാർ തങ്ങളുടെ ഈ ലക്കം പ്രസിദ്ധീകരണത്തിൽ ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ട്. മൈസ്മരശാസ്ത്രം ഇന്ദ്രജാലം മുതലായവ കണ്ടു ഭ്രമിച്ചുപോകുന്ന അധുനികലോകം സാക്ഷാൽ ദൈവശക്തി പ്രകടനങ്ങളായ അത്ഭുതങ്ങളും പ്രസ്തുത തന്ത്രപ്രയോഗങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നതിന്നു ഈ ചെറിയ പ്രബന്ധം വാങ്ങി വായിച്ചുനോക്കട്ടെ.

## 2. റാസയുടെ പരിഭാഷകൾ.

മാർ തോമ്മാ ശ്ലീഹാ പ്രസ്സ്,
പുത്തൻപള്ളി– വരാപ്പുഴ.
ഇംഗ്ലീഷ് 1 രു. മലയാളം 12 ണ.

പെ. ബ. കളപ്പുരയ്ക്കൽ അന്ത്രയോസു മല്പാനച്ചൻെറ നിരന്തരമായ സമുദായ സംസേവനത്തിൻെറ നവീനങ്ങളായ രണ്ടു വിശിഷ്ട ഫലങ്ങളാണ് മേൽപ്പറയപ്പെട്ട രണ്ടു ഭാഷാന്തരങ്ങൾ. മദ്രാസിൽവെച്ചു മയ്യൻ കൊൺഗ്രസവസരത്തിൽ നടന്ന ആഘോഷമായ സുറിയാനി റാസാനുഷ്ഠാനത്തോടെ ഏതാദൃശമായ ഒരു പരിഭാഷയുടെ അഭിലഷണീയത പലക്കും ബോദ്ധ്യപ്പെട്ടതാണെങ്കിലും തൻെറ ഷഷ്ട്യബ്ദപൂർത്തിയിലേക്കു പ്രവേശിച്ചിരിക്കുന്ന ഈ വന്ദ്യവയോവൃദ്ധൻെറ സ്ഥിരോത്സാഹത്തിനുതന്നെയാണ് അതു പൂർത്തീകരിച്ചുകാണുന്നതിനുള്ള ചാരിതാർത്ഥ്യം സിദ്ധിച്ചതെന്നു കാണുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ നിർവ്യാജമായി അനുമോദിച്ചുകൊള്ളുന്നു. നിത്യോപയോഗത്തിനുപകരിക്കുന്ന പല പ്രാർത്ഥനകളും ഓരോന്നിൻെറയും അവസാനത്തിൽ ചേർത്തിട്ടുള്ളതിനാൽ മനോഹരങ്ങളായ ഈ ചെറുപുസ്തകങ്ങൾക്കു കൂടുതൽ പ്രചാരം ഉണ്ടാകാതിരിക്കയില്ല.

## 3. പ്രധാനപ്പെട്ട ക്രിസ്തീയസഭകൾ.

എം. സി. എസ്. എൽ. പ്രസി
ദ്ധീകരണം. നമ്പർ 4.
കെ. ഇ. ചാക്കോ ബി. ഏ.
മാന്നാനം. വില 1 അണ.

ദൈവപുത്രനായ മ്ശിഹാ ഒരു സഭമാത്രമേസ്ഥാപിച്ചിട്ടുള്ളെങ്കിലും ഭൂമുഖത്തുപ്രത്യക്ഷപ്പെട്ടിട്ടുള്ളവിഭിന്നങ്ങളായ ക്രിസ്തീയ സഭകളുടെ ബഹുലത്വം തന്നേ ഏതൊരുവനേയും പരിഭ്രമിപ്പിക്കത്തക്കതാണ്. എന്നാൽ അവ ഓരോന്നിൻേറയും ഉത്ഭവവും, പഠനവും, പലപ്പോഴും കാലാതിപാതം കൂടാതുള്ള തിരോധാനവും കണ്ടറിയുന്നവർക്കു കത്തോലിക്കാ സഭയുടെ ദൈവസ്ഥാപനത്തെപ്പററി ബോദ്ധ്യപ്പെടുന്നതിനു വേറേ അധികം സാക്ഷ്യങ്ങൾ ആവശ്യപ്പെടുന്നതല്ല. റവ: ഫാദർ വില്യം സി. ഡി. അവർകൾ തൻെറ ഈ ചെറുപുസ്തകത്തിൽ പ്രസ്തുത ഉദ്ദേശം സ്തുത്യർഹമായി നിർവഹിച്ചിട്ടുണ്ട്. പുസ്തകത്തിൻെറ ആരംഭത്തിൽ ചേർത്തിട്ടുള്ള പടവും ഇതിലേക്കു അത്യന്തം ഉപയുക്തമായിട്ടുള്ളതുതന്നേ.

## 4. യാക്കോബായ സഭയുടെ ഉത്ഭവം.

എം. സി. എസ്. എൽ.
നമ്പർ 5. വില 1 ണ.

റവ. ഫാദർ ജേ. സി. പഞ്ഞിക്കാരൻ എം. ഏ. അവർകൾ 'കർമ്മലകുസുമ'ത്തിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനങ്ങളെ ക്രോ

ട്ടിച്ചേർത്തു തയാറാക്കിയിട്ടുള്ള ഈ ലഘുലേഖ നിർമ്മത്സരബുദ്ധ്യാ വായിക്കുന്ന ഏതൊരു യാക്കോബായ സഹോദരനും മ്ശിഹായുടെ ഏക സത്യസഭ യാക്കോബായ സഭയല്ലെന്നു ബോധപ്പെടാതിരിക്കയില്ല.

## വർത്തമാന സംഗ്രഹം.

### കേരളം.

കൊച്ചി തുറമുഖം സംബന്ധിച്ച സകല പണികളും തൽക്കാലം നിറുത്തിവയ്ക്കുന്നതിനു മദ്രാസ് ഗവമ്മെൻറു ആജ്ഞാപിച്ചിരിക്കുന്നതായറിയുന്നു.

ഇക്കഴിഞ്ഞ ശ്രീമൂലംപ്രജാസഭയിലെ 14 കത്തോലിക്കാമെമ്പർമാർ ചേർന്നു തിരുവിതാംകൂറിലെ കത്തോലിക്കക്കു ഉദ്യോഗസംബന്ധമായും മറ്റുമുള്ള അസമത്വങ്ങളെ കാണിച്ചു മഹാരാജാവു തിരുമനസിലെ സന്നിധിയിൽ ഒരു മെമ്മോറിയൽ സമർപ്പിക്കയും തിരുമനസ്സുകൊണ്ടു അതിനു അനുകൂലമായ മറുപടി കല്പിക്കയും ചെയ്തിരിക്കുന്നു.

തൃശ്ശൂർ വലിയപള്ളിക്കേസു ഇരുപാട്ടുകാരും തമ്മിൽ രാജിയായി തീർക്കുന്നതിനു സ്ഥാനത്യാഗം ചെയ്ത കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു ശ്രമിച്ചുവരുന്നതായി ചില പത്രങ്ങളിൽ കണ്ടതു അടിസ്ഥാനരഹിതമാണെന്നു ഒരു ലേഖകൻ എഴുതിയിരിക്കുന്നു.

കേരളീയ കത്തോലിക്ക കോൺഗ്രസ്സ് അടുത്തമെയ് മാസം 1-ാംനു- തൃശ്ശൂർവച്ചു നടക്കുന്നതും തദവസരത്തിൽ മാർപ്രംസീക്കോസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ആദ്ധ്യക്ഷം വഹിക്കുന്നതുമാണ്.

മാർ ദീവന്ന്യാസ്യോസിനോടുകൂടെ മർദ്ദീനിലേക്കു യാത്രകഴിച്ചു വന്നിട്ടുള്ള ദിവ്യശ്രീ ചെറിയമഠം സ്കറിയാ കത്തനാർ മുതലായി ചിലർ നി. ദിവ്യശ്രീ കുര്യാളശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലേക്കണ്ടു പുനരൈക്യത്തിനുള്ള ആലോചനകൾ നടത്തിവരുന്നതായി "പ്രതിദിനം" പത്രത്തിൽകാണുന്നു.

കുറേനാളായി മുടങ്ങിക്കിടന്നിരുന്ന തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടിരുന്ന "സ്റ്റാൻഡാർഡ്" പത്രം വീണ്ടും പ്രസിദ്ധപ്പെടുത്തിക്കാണുന്നതിൽ സന്തോഷിക്കുന്നു. കത്തോലിക്കർ യഥാശക്തി അതിനെ പ്രോത്സാഹിപ്പിച്ചുകാണ്മാൻ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ആഗ്രഹിക്കുന്നതായി സെക്രട്ടറി പയ്യപ്പിള്ളിൽ ബ. മത്തായി അച്ചൻ അവർകളുടെ ഒരു എഴുത്തു കഴിഞ്ഞലക്കം "എറണാകുളം മിസ്സ്"ത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സുറിയാനിക്കാർക്കു സിദ്ധിച്ചിട്ടുള്ള എഴുപത്തിരണ്ടു പുരാതന പദവികളുടെ ചരിത്രങ്ങൾ ഉണ്ടാക്കി വത്തിക്കാൻപ്രദർശനത്തിനു അയക്കുന്നതിനു് റവ. ഫാദർ പഞ്ഞിക്കാരൻ എം. എ. ശ്രമിച്ചുവരുന്നതായി അറിയുന്നു.

മോൺസിഞ്ഞോർ അന്തോനി പുതുശ്ശേരി അവർകളെ കൊച്ചിയിൽ സ്കൂൾഫൈനൽ പരീക്ഷയുടെ ലാറ്റിൻ പരീക്ഷകനായി നിശ്ചയിച്ചിരിക്കുന്നു.

വാഴക്കുളം ആശ്രമദേവാലയത്തിലെ നാല്പതുമണിയാരാധന മാർച്ച്. 11 12 13 തീയതികളിൽ നടന്നതായും പതിനായിരത്തോളം ആളുകൾ ആ ദിവസങ്ങളിൽ കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിച്ചതായും അറിയുന്നു.

### ഇൻഡ്യാ.

മദ്രാസിൽ കത്തോലിക്കരുടെ വകയായി ആരംഭിക്കാൻ പോകുന്ന ഷി

യോളാ കോളജിനു മാർച്ച് പത്താം തീയതി മദ്രാസ് ഗവർണർ വില്ലിങ്ങ്ഡൺ പ്രഭു അവർകൾ ശിലാസ്ഥാപനകർമ്മം നടത്തിയിരിക്കുന്നു. 1925 ജൂലൈമാസത്തിൽ ബി. ഏ. ക്ലാസ്സു തുടങ്ങുന്നതിനാണുദ്ദേശം.

കഴിഞ്ഞ മാർച്ച് 2-ാംനു- ഞായറാഴ്ച സിലോണിൽ 'പ്രസിദ്ധീകരണങ്ങളുടെ ഞായറാഴ്ച' ആയി (Press Sunday) ആഘോഷിച്ചിരിക്കുന്നു. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ പ്രചരിപ്പിക്കുന്നതിനുള്ള പല മാർഗ്ഗങ്ങൾ തദവസരത്തിൽ നിർദ്ദേശിക്കയുണ്ടായി.

തൃശ്ശിനാപ്പള്ളി സെൻറുജോസഫ് കോളേജു പ്രൊഫസർ എസ്. അർപ്പുദസ്വാമി ഉദയാർ അവർകളെ മദ്രാസ് സംസ്ഥാനത്തെ വിദ്യാഭ്യാസമന്ത്രിയുടെ സെക്രട്ടറിയായി നിശ്ചയിച്ചിരിക്കുന്നു. മദ്രാസിൽ കുറേനാളായി കത്തോലിക്കരുടെ നില അഭിലഷണീയമായി ഉയർന്നുകാണുന്നതു ആശ്വാസജനകം തന്നേ.

ബോംബെ നിയമസഭയിലെ ഒരു സ്ഥാനാർത്ഥിയായി നിന്നു പരാജയം പ്രാപിച്ച മിസ്റ്റർ ജോൺ ബപ്റ്റീസ്റ്റ് എന്ന കത്തോലിക്കൻെറ വാദങ്ങളെപ്പററി വിചാരണചെയ്യുതിൽ എതൃകക്ഷിയുടെ തെരഞ്ഞെടുപ്പ് അസ്ഥിരപ്പെടുത്തി അദ്ദേഹത്തെ മെമ്പറായി നിയമിച്ചിരിക്കുന്നു.

## പലസ്തീനാ.

ഇംഗ്ലണ്ടിലെ മഹോന്നത കർദ്ദിനാൾ ബോൺ അവർകളും മൂന്നു മെത്രാന്മാരും അൻപതോളം വൈദികരും മററനവധി ജനങ്ങളും ചേർന്ന ഒരു തീർത്ഥയാത്രാസംഘം ഫെബ്രുവരി 29-ാംനു- വെള്ളിയാഴ്ച ഓർശ്ലേമിൽ എത്തിയിരിക്കുന്നു.

അന്നുച്ചതിരിഞ്ഞു അവർ തിരുക്കവറിടത്തിൻെറ ദേവാലയത്തിൽ ആഘോഷപൂർവ്വം പ്രവേശിച്ചു. പിറേറദിവസം രാവിലെ കർദ്ദിനാൾ അവർകൾ അവിടെ ദിവ്യപൂജ അണച്ചശേഷം, എല്ലാവരും കൂടി 'ഇതാ മാനുഷൻ' എന്ന കപ്പേള, കൽത്തൂണിൻെറ കപ്പേള മുതലായി പല സ്ഥലങ്ങൾ സന്ദർശിച്ചു.

അവിടെനിന്നു മോട്ടോർവഴി ദമ്മസോക്കു കടന്നു, യോസാപ്പാത്തു താഴ്വര, ഗെദസേമ്മാൻ തോട്ടം, സൈത്തുമല, ബേസനിയാ ആദിയായ സ്ഥലങ്ങളിൽകൂടി നല്ല ശമറായക്കാരൻെറ സത്രത്തിൽ എത്തി ലഘുഭക്ഷണം കഴിച്ചു-

തിങ്കളാഴ്ച സൈത്തുമലയിൽ ദിവ്യപൂജ അർപ്പിച്ചു. അന്നു ബേസ്ലഹമ്മിൽ ചെന്നു പിറവിയുടെ പള്ളി, പുൽക്കൂട്, യൌസേപ്പു പിതാവിൻെറ തിരുഭവനത്തിൻെറ ആസ്ഥാനം മുതലായവ നടന്നുകണ്ടു.

അടുത്ത ദിവസം ദൈവജനനിയുടെ കവറിടത്തിങ്കൽ പൂജ സമർപ്പിക്കയും, ഗെദസേമ്മാൻ തോട്ടം 'കുശവൻെറ നിലം' മുതലായവ ഭക്തിപൂർവ്വം സന്ദർശനം കഴിക്കയും ചെയ്തു.

വ്യാഴാഴ്ച തിരുക്കവറിടത്തിൻെറ ദേവാലയത്തിലേക്കു ആഘോഷമായ ഒരു പ്രദക്ഷിണമുണ്ടായിരുന്നു.

വെള്ളിയാഴ്ച ഗാഗുൽത്താമലയിൽ കുർബാന ചൊല്ലി. അന്നു ഉച്ചതിരിഞ്ഞു ഓർശലം തെരുവീഥിയിൽ കൂടെ ഒരു സ്ലീവാപ്പാത കഴിച്ചു. കടാശിമംഗലവാർത്തയുടെ ദേവാലയം കർമ്മേല മല മുതലായവ കണ്ടശേഷം തീർത്ഥയാത്രക്കാർ പിന്തിരിഞ്ഞു.

അമേരിക്കയിൽനിന്നു മഹോന്നത ദിവ്യശ്രീ കാർഡിനൽ ഒക്കോണൽ ആദിയായി ഒരു തീർത്ഥയാത്രാ സംഘവും പലസ്തീനായിലേക്കു പുറപ്പെട്ടിട്ടുണ്ട്.

## ഇററലി.

പത്താം പീയൂസ് മാർപ്പാപ്പായെ ധന്യനെന്നു നാമകരണം ചെയ്യുന്നതിനുള്ള പ്രാരംഭ പരിശോധനകൾ ആരംഭിച്ചിരിക്കുന്നു. തിരുമേനിയുടെ സഹോദരികളായ അന്ന സാത്തോ, മറിയ സാത്തോ എന്നിവരുടെ മൊഴികൾ വാങ്ങിച്ചു കഴിഞ്ഞിരിക്കുന്നു. കർദ്ദിനാളന്മാർ ആദിയായി പലരുടെ വിചാരണ അടുത്തുതന്നെ തുടങ്ങുന്നതാണ്.

കേരളത്തിലെ സുറിയാനി വികാരിയാത്തുകളെ രൂപതകളാക്കിത്തീ

ത്തരിൽ വന്ന നാമമാത്ര രൂപതകളുടെ ഒഴിവിൽ, ആറാഡിൻെറ നാമമെത്രാനായി മൊൺസിഞ്ഞോർ അസിസ്ഫോ എന്നകൽദായ മെത്രാനെയും, വെല്ലായുടെ നാമമെത്രാനായി ഇംഗ്ലണ്ടിൽ സതാക്കിലെ സഹായ മെത്രാനായ മൊൺസിഞ്ഞോർ ഗ്രലിയേൽ മോസ് പ്രംസീസ്റ്റോസ് അവർകളെയും നിയമിച്ചിരിക്കുന്നു.

വത്തിക്കാൻ കുന്നു മുഴവൻ മാർപ്പാപ്പാ തിരുമനസ്സിലേക്കു സ്വാതന്ത്ര്യമായി കൊടുക്കുന്നതിനു ഇററലി ഗവർമ്മെണ്ടു തീരുമാനിച്ചിട്ടുള്ളതായി കമ്പിവൎത്തമാനങ്ങളിൽ കാണുന്നു.

## സിദ്ധൌഷധക്കുറിപ്പുകൾ.

കുറുന്തോട്ടിവേരു കഷായംവെച്ച വെള്ളത്തിൽ എണ്ണയുംചേൎത്തു, ദേവതാരം, കുറുന്തോട്ടിവേരു, അരത്ത, മാഞ്ചി, കടുകു, ചുക്കു, ഇവ കല്ക്കംചേൎത്തു കാച്ചി അരിച്ചു തേച്ചാൽ സൎവ്വാംഗവാതത്തേയും കളയും.

കടുക്കാ, ചുക്ക്, മുളകു, തിപ്പലി, പാടക്കിഴങ്ങു, വയമ്പു, മുരിങ്ങവേരു ഇന്തുപ്പു ഇവ ഈരണ്ടു കഴഞ്ചു പൊടിച്ചു കൽക്കംചേൎത്ത് അരക്കുററി പശുവിൻനെയ്യും, അരക്കുററി ആട്ടിൻപാലും, കൂട്ടി കാച്ചിയരിച്ചു സേവിച്ചാൽ കുട്ടികൾക്കു ബുദ്ധിശക്തിയും, ഓൎമ്മയും, അഗ്നിബലവും ഉണ്ടാകും.

കണ്ണിൽ മുറിഞ്ഞാൽ തുമ്പയില കുത്തിപ്പിഴിഞ്ഞു രണ്ടു തുള്ളി നീരൊഴിക്കുക. കണ്ണു പഴുത്താൽ പൊന്നങ്ങാണി കുത്തിപ്പിഴിഞ്ഞു തേനുംകൂട്ടി വീഴ്ത്തുക.

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈ വിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചിരിക്കണം.

ഞങ്ങൾക്കു കുട്ടികൾ ഇല്ലാതിരിക്കയിൽ കാവാലിക്കരെ മാർ അന്തോനീസു പുണ്യവാൻെറ മദ്ധ്യസ്ഥതയാൽ സന്താനലബ്ധിയുണ്ടായതിൻെറ ഉപകാരസ്മരണ. കെ. എം. ചങ്ങനാശ്ശേരി.

കഴിഞ്ഞ വാൎഷിക പരീക്ഷയിൽ വിജയിയാകുന്നപക്ഷം വിവരം കുസുമത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളാമെന്നു ചെയ്ത നേൎച്ച നിറവേററിക്കൊള്ളുന്നു. ജെ. ജെ. പറൂർ.

എൻെറ സ്നേഹിതൻെറ കുട്ടിക്കുണ്ടായ സുഖക്കേടു ചെങ്ങളത്തു വി. അന്തോനീസിൻെറ സഹായത്താൽ പൂൎണ്ണസുഖമായിരിക്കുന്നു.

വി. പി. ചേൎത്തല.

വ്യവഹാരംകൂടാതെ ഒരു വസ്തുതൎക്കം ഗുണമായിട്ടു തീൎന്നുകിട്ടിയതിനു ചെങ്ങളത്തു മാർ അന്തോനീസു പുണ്യവാളനു ഉപകാരസ്മരണ ചെയ്യുന്നു.

എം. കെ. പി. ചേപ്പുങ്കൽ.

വൈദ്യന്മാർ അസാദ്ധ്യമായിട്ടു ഉപേക്ഷിച്ച ഒരു രോഗം ചെങ്ങളത്തു മാർ അന്തോനീസിൻെറ മദ്ധ്യസ്ഥതയാൽ സുഖപ്പെട്ടതിൻെറ കൃതജ്ഞത പ്രദൎശിപ്പിച്ചുകൊള്ളുന്നു.

കെ. എം. ജേ. രൊട്ടുവുഴ.

## ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

മുത്തോലപുരം പള്ളിയിടവക പറേടത്തു ബ. യൌസേപ്പച്ചൻ അവർകളുടെ പിതാവു് മാത്തൻ അവർകൾ ഫെബ്രുവരി 26നു.

പതിനേഴ വൎഷത്തിൽപ്പരം തുമ്പോളിപ്പള്ളിയുടെ വികാരി ജോലി സ്തുത്യൎഹമായി നിൎവ്വഹിച്ച ബ. മത്ഥ്യാനച്ചൻ അവർകൾ മാർച്ച് 8നു ശനിയാഴ്ച. 54 വയസ്സ്.

ദേവരകൊവേന്തയുടെ വലിയൊരു ഉപകാരിയായിരുന്ന കോന്തുരുത്തി ഇടവക കണ്ണാട്ടു കവലപ്പറമ്പിൽ വൎക്കി അവർകൾ മാർച്ച് 10—ാംനു- 70 വയസ്സ്.

ക്ലാപ്പന ഐബിക്കാ ഇടവക ശ്രീമതി ത്രേസ്യാ ഫർണാണ്ടസ് മാർച്ച് 13—ാംനു-. 33 വയസ്സ്.

# ചെറുപരസ്യങ്ങൾ.

(ഒരു പരസ്യത്തിനു ഒരുതവണയ്ക്കു ഒരു രൂപാ മുൻപേർ അയച്ച് അപേക്ഷിക്കണം)

## മററത്തിലച്ചൻെറ കൃതികൾ.

1. ഈശോയുടെ പീഡാനുഭവം. വില ണ ൪. 2. വി ശവരിയാരിൻെറ ജീവചരിത്രം. വില ണ. ൭. 3. നല്ലനല്ല മാതൃകകളുള്ള 'മാതൃകാദ്ധ്യവാവ്യ'. വില ണ ഏഴ. 4. ശുദ്ധീകരാത്മാക്കളെപ്പററിയുള്ള "തടവുകാരായ സ്നേഹിതന്മാർ". വില ണ. ൨. 5. കർത്താവിനെപ്പററിയും വേദപുസ്തകത്തെപ്പററിയുമുള്ള "യേശുക്രിസ്തു" വില ണ. ൭.

എല്ലാംകൂടി എടുത്താൽ അഞ്ചൽക്കൂലി ഇനാം.

സി. കെ. മററം.
അഞ്ചൽ - കുട്ടൂരുത്തി.
തപാൽ - കൊറവലങ്ങാട്.

## കൊന്തരൂപങ്ങൾ.

രൂപങ്ങൾ, സക്രാരി, സിംഹാസനം, മെഴുകുതിരിക്കാലുകൾ, റംശേത്തി, രൂപക്കൂടുകൾ മുതലായ പള്ളിസാമാനങ്ങൾ മിതമായ നിരക്കിനു പണിതുകൊടുപ്പാൻ തയാർ!

റി ജെ. കയ്യൻ, ആർട്ടിസ്റ്റ്
കാഞ്ഞിരത്താനം, കുറവിലങ്ങാട്.

## DO YOU WANT.

A good Catholic Magazine for yourself?
For your family ?
For your friends ?
Then get
The Sentinel of the Blessed Sacrament,
185 East 76th Street,
New York.
Subscription $ 2. 25.

## THE PALACE BEAUTIFUL or THE SPRITUAL TEMPLE OF GOD.

By The Rev. Frederick A Houck.
1120 Horace Street, Toledo
Ohio, U.S.A.
12 Mo. 167 Pages. Silk Cloth. Stamped in Gold. Net $ 1.50.
"A little treatise, very practical, clear and useful on the Theological virtues".

## മാർത്തോമ്മാ ക്രിസ്ത്യാനികൾ (രണ്ടാംഭാഗം)

റവ ഫാദർ ബർണ്ണാർഡ് സി ഡി. അവർകളുടെ ചിരപ്രതീക്ഷിതമായ ഈ കൃതി കേരളീയ ക്രിസ്ത്യാനികൾ എല്ലാവരും വായിച്ചിരിക്കേണ്ടതാകുന്നു. ഉദയംപേരൂർ സൂനഹദോസുമുതൽ ൧൭൭൩ വരെയുള്ള എല്ലാസംഗതികളും ഇതിൽ അടങ്ങിയിട്ടുണ്ട്. വില ൧ ക. ൪ അണ.

സൂപ്രണ്ട്,
സെൻറുജോസഫ് പ്രസ്സ്, മാന്നാനം.

## ദൈവമാതാവിൻെറ വണക്കമാസപ്പാട്ടുകൾ.

കുസുമഗ്രന്ഥാവലിനമ്പർ 2 രണ്ടാം പതിപ്പ്.

റവ. ഫാദർ സൈമൺ സി ഡി. എഴുതിയത്. വില 1 അണ മാത്രം.

മേമാസംവരെ പത്തിനു മൂന്നു കമ്മീഷൻ

മാനേജർ, കർമ്മലകുസുമം,
മാന്നാനം.

# പി. പാപ്പിക്കമ്പിനി, മാന്നാനം.

---

## റബ്ബെക്ക സാമാനങ്ങൾ

| ചൈനാപ്പട്ടു നീളം വളയം | | | Rs. | as. | p. |
|---|---|---|---|---|---|
| ൧-ാം ചരട ൨ മുനിളംവളയം | ൧-ക്ക | | 1 | 2 | 0 |
| ൨-ാം " പിരിച്ചതു | ൩ | " | 0 | 12 | 0 |
| ൩-ാം " | ൨ | " | 0 | 9 | 0 |
| ൪-ാം " | ൧ | " | 0 | 4 | 6 |
| ൧-ാം കമ്പി | ൧ | " | 0 | 3 | 0 |
| ൨-ാം " | ൧ | " | 0 | 3 | 6 |
| ൩-ാം " | ൧ | " | 0 | 4 | 6 |
| ൪-ാം " | ൧ | " | 0 | 5 | 0 |
| ആക്കമുടി വളയം | ൧ | " | 0 | 12 | 0 |
| അറ്റ്ലസ്സ് ൧-ാംതരം | ൧ | " | 0 | 6 | 0 |
| ടി. ൨-ാംതരം | ൧ | " | 0 | 4 | 6 |
| ടി. ൩-ാംതരം | ൧ | " | 0 | 3 | 0 |
| പേന്തി. (Bridge) | ൧ | " | 0 | 3 | 0 |
| ആണി. (Screw) | ൧ | " | 0 | 3 | 0 |
| പരന്തുവാൽ ൧-ാംതരം | ൧ | " | 0 | 12 | 0 |
| ടി. ൨-ാംതരം | ൧ | " | 0 | 10 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | | | Rs. | as. | p. |
|---|---|---|---|---|---|---|
| No. ൨. | (മുട്ടഭാഷ) ഡസൻ | 1ക്ക | | 0 | 1 | 9 |
| നമ്പ്ര 1 | സെൻറു ജോസഫ് | " | " | 0 | 2 | 3 |
| 1251 | ഇത്താലിയൻ കാശു. | " | " | 0 | 5 | 0 |
| 100 | വി. തോമ്മാശ്ലീഹാ. (വട്ടം) | " | | 0 | 10 | 0 |
| 101 | ടി. പിച്ചള | " | " | 0 | 7 | 0 |
| 50 | വി. കബ്ബാന. | " | " | 0 | 14 | 0 |
| 53 | തിരുഹൃദയം | " | " | 0 | 14 | 0 |
| 56 | ടി. | " | " | 1 | 1 | 0 |
| 131 | തിരുഹൃദയം. | " | " | 1 | 1 | 0 |
| 6434 | " | " | " | 1 | 0 | 0 |

## അലൂവെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | Rs. | as. | p. |
|---|---|---|---|---|---|
| 298 | മുട്ടഭാഷ. ഡസൻ ൧ക്ക | " | 0 | 5 | 0 |
| 324 | കക്കടവൃത്തം. | " | 0 | 5 | 0 |
| 231 | നീണ്ടഭാഷ. | " | 0 | 7 | 0 |
| 337 | വൃത്തം. | " | 0 | 7 | 0 |
| 338 | വൃത്തം. | " | 0 | 10 | 0 |
| 7030 | ചതിര എരട്ടത്തട്ടു ചെറുത് | " | 0 | 10 | 0 |
| 325 | കക്കടവൃത്തം. | " | 0 | 10 | 0 |
| 342 | കരിമ്പുഭാഷ. | " | 0 | 10 | 0 |
| 7023 | ചതിര ഒറ്റത്തട്ടു. | " | 0 | 12 | 0 |
| 7231 | ചതുര എരട്ടത്തട്ടു വലുത് | " | 0 | 13 | 6 |
| 399 | നക്ഷത്രഭാഷ. | " | 1 | 1 | 0 |
| 321 | മുന്തിരിങ്ങാ വള്ളിക്കെട്ട്. | " | 1 | 1 | 0 |
| പച്ചക്കാശു ൧-ാംതരം ഡസൻ ൧ | | | 3 | 12 | 0 |

| | | Rs. | as. | p. |
|---|---|---|---|---|
| ടി. ൨-ാംതരം " | ൧ക്ക | 3 | 0 | 0 |
| ടി. ൩-ാംതരം " | ൧ക്ക | 2 | 4 | 0 |

## പുസ്തകങ്ങൾ.

| | | Rs. | as. | p. |
|---|---|---|---|---|
| 1 | വ്യാകുലപങ്കപ്പാട്ടചരിത്രം ൧ക്ക | 1 | 0 | 0 |
| 2 | അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 | കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 | വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 | ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 | ജ്ഞാനസന്ദേശാൽ അമ്മാന | 0 | 8 | 0 |
| 7 | ചോദ്യാദിപാന | 0 | 3 | 6 |
| 8 | പുത്തൻപാന | 0 | 4 | 6 |
| 9 | ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 | സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 | ശുദ്ധീകരവണക്കം | 0 | 13 | 6 |
| 12 | ദേവാലയഗീതം (സുറിയാനി) | 0 | 10 | 0 |
| 13 | നിത്യാരാധന 1ക്ക് | 2 | 0 | 0 |
| 14 | പദ്യസംഗ്രഹം 1ക്ക് | 0 | 10 | 0 |
| 15 | ദിനചര്യം 1ക്ക് | 0 | 5 | 2 |
| 16 | തിരുഹൃദയ വണക്കം 1ക്ക് | 0 | 10 | 0 |
| 17 | അത്ഭുതലിലിപുഷ്പം 1ക്ക് | 0 | 4 | 0 |
| 18 | കുടുംബ പ്രതിഷ്ഠ 1ക്ക് | 0 | 2 | 6 |
| 19. | ദേവമാതാ. വണക്കം. | 0 | 13 | 0 |
| 20 | മാർ യൌ. വണക്കം | 0 | 13 | 6 |
| 21 | ടി. ക്രുട്ടിക്കത്തിരുത്ത് | 1 | 6 | 0 |
| 22 | ദേവമാ. അത്ഭുതചരിത്രം 1ക്ക | 0 | 12 | 0 |

## പടങ്ങൾ.

| | | | Rs. | as. | p. |
|---|---|---|---|---|---|
| 8×10 | വലിപ്പം | " | 1 | 12 | 0 |
| 13×17 | ടി. | " | 5 | 4 | 0 |
| 16×20 | ടി. | " | 6 | 12 | 0 |
| പ്രയർബുക്ക സയിസു പടങ്ങൾ | | " | 0 | 5 | 0 |
| ടി. | 100-ക്ക | | 2 | 4 | 0 |
| 240 പടമുള്ളപാളിപ്പടംപാളി ൧ക്ക | | | 2 | 0 | 0 |

8×10, 13×17, 16×20, ടി. വലിപ്പങ്ങളിൽ തിരുഹൃദയ പ്രതിഷ്ഠയ്ക്കുതകുന്നതായ തിരുഹൃദയപടങ്ങളും അത്ഭുതപ്രവൎത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവണ്ണത്തോടുകൂടിയ മാതാവു, 17x13-ൽ സെൻറു സബാസ്ത്യാൻ സെൻറ് ജോർജ്ജ്, മുതലായ പലതര പടങ്ങളുമുണ്ട്.

പ്രയർബുക്ക സയിസ് പടങ്ങളിൽ Xmas ന (പിറവി) ഉപയോഗിക്കത്തക്ക പലതരം പടങ്ങളുമുണ്ട്.

P. Pappy and Co.
Mannanam, Travancore.

Registred No. M. 365. No: T. 4.

# BEST WRIST WATCH.



This is a very new style Watch. Its design and finish will satisfy the most critical test. Case gold gilt. Appearance is equal to solid gold. Glass crystaline figures Roman or Arabic. Swiss mechanism, perfect timekeeper, Guaranteed for 3 Years.

| | | | | |
|---|---|---|---|---|
| Price | Rs | 7 | 0 | 0 |
| Pure Silver | | 8 | 4 | 0 |
| Nickel do | | 6 | 0 | 0 |

# GERMAN ALARM TIMEPIECE.

Offered at Greatly, reduced Price.



A cheap and very useful Alaram Timepiece. Mechanism 4 inches dial in nickel case. 30 hours key-less. It will go in any position This timepiece can be easily taken in travelling cases. It is very useful for students and every one who has got to do anything in time It is equally useful for night duty man Whenever it is desired, that the alaram should ring, the little hand on the dial should be set from the back of the alaram. At the time punctually, at that very moment the alaram will ring. Guaranteed for 3 years

Price Rs 5/ only.

# LILLY OF THE VALLEY.



## THE SCENT OF FRANCE

There is a mystic southern charm about "Lilly of of the Valley" that delights the senses. It is like a dream of a lower garden, and has been happily described as "an Inspiration in Perfume" wonderfully lasting and delightfully refreshing Prepared in every form necessary for the perfectly harmonious toilet

1 oz Bottle 2-8. 1/2 oz 8.

1 Dram Bottle As. 12.

Sample Bottle Dozen Re. 1-1.

V. S. Watch Co.

P. B. No. 105.

Madras.